# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# അകത്തേത്തറ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

**2021-2022**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം**
**പാലക്കാട്-678001**

**ഇ-മെയിൽ: dopkd.ksad@kerala.gov.in**
**ഫോൺ : 0491-2520145**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA.PKD.14-470/23

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001
തീയ്യതി: 18/04/2023
ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ: 0491-2520145

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
അകത്തേത്തറ ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : അകത്തേത്തറ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം അകത്തേത്തറ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA.PKD.14-470/23 തീയ്യതി: 18/04/2023

## പാലക്കാട് ജില്ലയിലെ അകത്തേത്തറ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ അകത്തേത്തറ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 21-06-2022 മുതൽ 05-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 13 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 9 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 13 അന്വേഷണക്കുറിപ്പുകൾ നൽകിയെങ്കിലും മറുപടി ലഭ്യമായിട്ടില്ല.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| സാബു.പി.എസ്. | ഡെപ്യൂട്ടി ഡയറക്ടർ | 06-03-2023 | 15-03-2023 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 06-03-2023 | 15-03-2023 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

സുജാത.പി -ഓഡിറ്റ് ഓഫീസർ
ഉഷാകുമാരി.വി.ടി -അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
അനിത.കെ -ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.സുനിത അനന്തകൃഷ്ണൻ | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ.സദാശിവൻ.എസ്. | സെക്രട്ടറി | 01-04-2021 | 30-06-2021 |

| | | | |
|---|---|---|---|
| ശ്രീമതി.ബിന്ദു.കെ.എം. (അസിസ്റ്റന്റ് സെക്രട്ടറി - ഇൻ ചാർജ്) | സെക്രട്ടറി | 01-07-2021 | 04-07-2021 |
| ശ്രീമതി.പ്രീത.പി.വി. | സെക്രട്ടറി | 05-07-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.ബിന്ദു.കെ.എം. | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 12-07-2021 |
| ശ്രീ.മധു.പി.കെ. | അസിസ്റ്റന്റ് സെക്രട്ടറി | 13-07-2021 | 19-07-2021 |
| ശ്രീ.വിൻസ്റ്റൻ ഡിസൂസ | അസിസ്റ്റന്റ് സെക്രട്ടറി | 20-07-2021 | 31-03-2022 |
| ശ്രീമതി.ദീപ്തി.എസ്. | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീ.അജിത്കുമാർ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ശ്രീ.കേശവപ്രസാദ്.എൻ. | മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-04-2021 | 31-03-2022 |
| ശ്രീ.രാമകൃഷ്ണൻ.പി.എസ്. | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | 01-04-2021 | 31-03-2022 |
| ശ്രീ.രമേഷ്കുമാർ.കെ.ജി. | വെറ്ററിനറി സർജൻ | 01-04-2021 | 12-10-2021 |
| ശ്രീ.ശ്രീജിത്ത്.വി.വി. | വെറ്ററിനറി സർജൻ | 13-10-2021 | 26-11-2021 |
| ശ്രീമതി.അശ്വതി.എം. | വെറ്ററിനറി സർജൻ | 27-11-2021 | 31-03-2022 |
| ശ്രീമതി.വനജ.എസ്. | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2021 | 15-11-2021 |
| ശ്രീമതി.മീനാക്ഷിക്കുട്ടി.കെ.എം. | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 16-11-2021 | 31-03-2022 |
| ശ്രീമതി.അഫ്സ.എം.എസ്. | ഡയറി എക്സ്റ്റൻഷൻ ഓഫീസർ (അധിക ചുമതല) | 01-04-2021 | 14-09-2021 |
| ശ്രീമതി.ദിവ്യ.പി. | ഡയറി ഫാം ഇൻസ്ട്രക്ടർ | 15-09-2021 | 30-11-2021 |
| ശ്രീമതി.ശ്രുതി.സി. | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-12-2021 | 31-03-2022 |
| ശ്രീമതി.ഷൈല മേരി.ജെ. | പ്രധാന അദ്ധ്യാപിക | 01-04-2021 | 31-05-2021 |
| ശ്രീമതി.വിജയലക്ഷ്മി.വി.കെ. | പ്രധാന അദ്ധ്യാപിക (ഇൻ ചാർജ്) | 01-06-2021 | 26-10-2021 |
| ശ്രീ.ഹരിസെന്തിൽ.എം. | പ്രധാന അദ്ധ്യാപകൻ | 27-10-2021 | 31-03-2022 |
| ശ്രീമതി.സുജിഷ.കെ. | വി.ഇ.ഒ.I (അധിക ചുമതല) | 01-04-2021 | 02-07-2021 |
| ശ്രീമതി.വിനിത.കെ.വി. | വി.ഇ.ഒ.I (അധിക ചുമതല) | 03-07-2021 | 02-09-2021 |
| ശ്രീമതി.സജിത.എ.എസ്. | വി.ഇ.ഒ.I (അധിക ചുമതല) | 03-09-2021 | 30-09-2021 |
| ശ്രീ.മഞ്ജുഷ് ജോസഫ് | വി.ഇ.ഒ.I | 01-10-2021 | 31-03-2022 |
| ശ്രീമതി.സുജിഷ.കെ. | വി.ഇ.ഒ.II | 01-04-2021 | 02-07-2021 |
| ശ്രീമതി.വിനിത.കെ.വി. | വി.ഇ.ഒ.II | 03-07-2021 | 02-09-2021 |
| ശ്രീമതി.സജിത.എ.എസ്. | വി.ഇ.ഒ.II | 03-09-2021 | 26-10-2021 |
| ശ്രീ.മഞ്ജുഷ് ജോസഫ് | വി.ഇ.ഒ.II | 27-10-2021 | 31-03-2022 |
| ശ്രീ.രാജേഷ്.എസ്. | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 01-04-2021 | 31-03-2022 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക- അപാകങ്ങൾ | 1-2-1 |
| 3 | വാർഷിക ധനകാര്യപത്രിക | 1-2 |
| 4 | വാർഷിക കണക്കിലെ അപാകങ്ങൾ | 1-2-2 |
| 5 | നോൺ ഓപ്പറേറ്റിംഗ് അക്കൌണ്ടുകൾ ക്ലോസ് ചെയ്യേണ്ടതാണ് | 1-2-3 |
| 6 | സാമ്പത്തിക വിശകലനം | 1-3 |
| 7 | ഫണ്ട് വിനിയോഗം | 1-4 |
| 8 | പദ്ധതി അവലോകനം | 1-5 |
| 9 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 10 | ക്ഷേമപദ്ധതികൾ | 1-7 |
| 11 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 12 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 13 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 14 | ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകുൽ -ഓഡിറ്റ് അന്വേഷണങ്ങൾ | 1-11 |
| 15 | ഡിവിഷണൽ ഫോറസ്റ്റ് ഓഫീസിന്റെ കെട്ടിടങ്ങളെ ഇതര വ്യവസായങ്ങളിൽ ഉൾപ്പെടുത്തി | 1-12-1 |
| 16 | അനധികൃതമായി സ്ഥാപിച്ച് പ്രവർത്തിപ്പിക്കുന്ന മൊബൈൽ ടവറുകളുടെ വസ്തു നികുതി ഈടാക്കേണ്ടതാണ് | 1-12-2 |
| 17 | വസ്തു നികുതി | 1-12 |
| 18 | സാമൂഹ്യ സുരക്ഷ പെൻഷൻ | 1-13 |
| 19 | രൂപീകരണത്തിലും നിർവ്വഹണത്തിലും അപാകങ്ങൾ -മാതൃകാ പദ്ധതി നടപ്പാക്കാനായില്ല. | 1-14 |
| 20 | അങ്കണവാടി പോഷകാഹാരവിതരണം- ന്യൂട്രിമിക്സ് ബില്ലിൽ നിന്നും ജി എസ് ടി – ടി.ഡി.എസ് നടത്തിയില്ല | 1-15 |
| 21 | വയോജനങ്ങൾക്ക് കട്ടിൽ വിതരണം - സ്റ്റോർസ് പർച്ചേസ് വ്യവസ്ഥകൾ പാലിക്കാതെ നേരിട്ട് വാങ്ങി | 1-16 |
| 22 | ജാഗ്രതാ സമിതി- ചെലവു രേഖകൾ ഹാജരാക്കിയില്ല | 1-17 |
| 23 | ഐസിഡിഎസ് സൂപ്പർവൈസർ നടപ്പിലാക്കിയ പദ്ധതികൾ - രേഖകളുടെ സൂക്ഷിപ്പിലെ അപാകതകൾ | 1-18 |
| 24 | അകത്തേത്തറ GUP സ്ക്കൂളിലെ ഷീറ്റ് മേഞ്ഞ താൽക്കാലിക കെട്ടിടം പൊളിച്ചു മാറ്റുന്നത്-തുടർ നടപടി സ്വീകരിക്കേണ്ടതാണ് | 1-19 |
| 25 | പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകിയപ്പോൾ കരാറുകാരിൽ നിന്നും പിഴ ഈടാക്കിയില്ല | 1-20 |
| 26 | റോഡ് ടാറിംഗ് പ്രവൃത്തിയുടെ അവസാന ബില്ലിൽ നിന്നും ടാർ ബാരലുകളുടെ വില കുറവു ചെയ്തില്ല | 1-21 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| 1 | റോഡ് ടാറിംഗ് പ്രവൃത്തിയുടെ അവസാന ബില്ലിൽ നിന്നും ടാർ ബാരലുകളുടെ വില കുറവു ചെയ്തില്ല | 3-1 |
| | **ഭാഗം 4** | |

| | | |
|---|---|---|
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | വാർഷിക ധനകാര്യ പത്രിക -സംക്ഷിപ്തം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 175(1) വകുപ്പ് പ്രകാരം ഗ്രാമപഞ്ചായത്ത് ഓരോ വർഷാവസാനത്തിനു മുൻപും അടുത്ത വർഷത്തേക്കുള്ള വാർഷിക വികസന പദ്ധതി തയ്യാറാക്കേണ്ടതും വകുപ്പ് 214(1) പ്രകാരം ആയത് ബജറ്റിൽ ഉൾക്കൊള്ളിക്കേണ്ടതുമാണ്. സ.ഉ(സാധാ)നം.3291/2016/തസ്വഭവ തിയ്യതി 02.12.2016 ഉത്തരവ് പ്രകാരം അംഗീകരിച്ച **'കേരളത്തിലെ ഗ്രാമപഞ്ചായത്തുകൾക്ക് ബഡ്ജറ്റ് തയ്യാറാക്കുന്നതിനുള്ള മാന്വൽ'** അനുസരിച്ച് സർക്കാർ പുറപ്പെടുവിക്കുന്ന പദ്ധതി നിർദ്ദേശങ്ങൾക്ക് വിധേയമായി വാർഷിക വികസന പദ്ധതി തയ്യാറാക്കേണ്ടതാണ്. അംഗീകരിക്കപ്പെട്ട പദ്ധതി നിർദ്ദേശങ്ങൾ ബജറ്റിന്റെ ഭാഗമാക്കേണ്ടതാണ്. പദ്ധതികൾ ബജറ്റിന്റെ ഭാഗമാക്കിയിട്ടുണ്ട്. പദ്ധതിയേതര നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതും ക്രോഡീകരിക്കുന്നതും ബജറ്റ് തയ്യാറാക്കലും സംബന്ധിച്ച് മാന്വൽ പ്രകാരം പാലിക്കേണ്ട നടപടി/സമയക്രമങ്ങൾ നിശ്ചയിച്ചിട്ടുണ്ട്.

22-02-2021 ന് ചേർന്ന ഭരണ സമിതി യോഗത്തിലെ തീരുമാനം നമ്പർ: 1 പ്രകാരം 2021-22 വർഷത്തെ ബജറ്റ് അംഗീകരിച്ചിടുണ്ട്.

23-02-2022 തീരുമാനം നമ്പർ: 1 /1(2)പ്രകാരം പരിഷ്കരിച്ച ബജറ്റ് അംഗീകരിച്ചിട്ടുണ്ട്.

ബജറ്റ് സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രാരംഭ ബാക്കി | ₹5079085 |
| പ്രതീക്ഷിത വരവ് | ₹185606888 |
| ആകെ വരവ് | ₹190685973 |
| ചെലവ് | ₹183228142 |
| പ്രതീക്ഷിത നീക്കിയിരിപ്പ് | ₹7457831 |

## 1-2-1 വാർഷിക ധനകാര്യ പത്രിക- അപാകങ്ങൾ

2021-22 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

* ആഭ്യന്തരനിയന്ത്രണം ഫലപ്രദമാക്കുന്നതിന് കൈയ്യെഴുത്തായി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും ഡിമാന്റ് അടിസ്ഥാനത്തിലും പേജ് അടിസ്ഥാനത്തിലും തുക കണക്കാക്കുകയും മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതാത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി, വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി,സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ് (കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ 2011,ചട്ടം58(2)(ഇ),(ജി)).നിലവിൽ ഓഡിറ്റിന് ഹാജരാക്കിയ തൊഴിൽ നികുതി രജിസ്റ്റർ ഇപ്രകാരം കൃത്യമായി സൂക്ഷിക്കുന്നില്ല.ആയത് ക്രമീകരിക്കേണ്ടതാണ്.

* ബിൾഡിങ്ങ് റഗുലറൈസേഷൻ ഫീസിനത്തിൽ **73662/-രൂപ** വരവുണ്ട്. എന്നാൽ കൃത്യത പരിശോധിക്കാൻ ബിൽഡിംഗ് റഗുലറൈസേഷൻ സംബന്ധിച്ച രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. സുക്ഷിക്കേണ്ടതാണ്.

* അഡ്വാൻസ് രജിസ്റ്റർ പ്രകാരമുള്ള രേഖപെടുത്തലുകൾ വാർഷിക കണക്കിലെ വിവിധ പത്രികകളുമായി പൊരുത്തപ്പെടുന്നില്ല.

| ഇനം | വാർഷിക കണക്ക് പ്രകാരം | അഡ്വാൻസ് രജിസ്റ്റർ പ്രകാരം |
|---|---|---|
| Advance To | 379808 | രേഖപ്പെടുത്തൽ |

| | | |
|---|---|---|
| Implementing Officers | | ഇല്ല |
| Other Advance | 808910 | രേഖപ്പെടുത്തൽ ഇല്ല |

* ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരമുള്ള രേഖപെടുത്തലുകൾ വാർഷിക കണക്കിലെ വിവിധ പത്രികകളുമായി പൊരുത്തപ്പെടുന്നില്ല.

| ഇനം | ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരം | | വാർഷിക കണക്ക് പ്രകാരം | |
|---|---|---|---|---|
| 340100102- SUPPLIERS EMD | Receipts | 30387 | Receipts | 30387 |
| | Payment | 23800 | Payment | 21400 |
| | CB | 169660 | CB | 169660 |
| 340100101- CONTRACTORS EMD | Receipts | 107722 | Receipts | 107722 |
| | Payment | 24250 | Payment | 29250 |
| | CB | 181763 | CB | 181763 |
| 340200101- RENT DEPOSIT | Receipts | 839 | Receipts | 8839 |
| | Payment | NIL | Payment | 32000 |
| | CB | 33261 | CB | 33261 |
| 340200106- KALYANA MANDAPAM DEPOSIT | Receipts | 120000 | Receipts | 112000 |
| | Payment | 124000 | Payment | 124400 |
| | CB | 640000 | CB | 64000 |

മേൽ അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യ പത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 2021-22 | 31.07.2022 | 15-07-2022 | - | 05-01-2023 |

വാർഷിക ധനകാര്യ പത്രികയുടെ അക്കൌണ്ടിംഗ് ഹെഡുകളിൽ അപാകത കണ്ടെത്തിയതിനാൽ പിന്നീട് പരിഹരിച്ച് ലഭ്യമാക്കിയ തിയതിയാണ് മുകളിൽ ചേർത്തിരിക്കുന്നത്.

## 1-2-2 വാർഷിക കണക്കിലെ അപാകങ്ങൾ

1. വാർഷിക ധനകാര്യ പത്രികയും ACR ഉം തമ്മിൽ താഴെ പറയുന്ന ഇനങ്ങൾ പൊരുത്തപ്പെടുന്നില്ല.

| ഫണ്ടിനം | വാർഷിക ധനകാര്യ പത്രിക പ്രകാരം | ACR പ്രകാരം |
|---|---|---|
| വികസന ഫണ്ട് (എസ്സിപി) | 4536262 | 4737457 |
| വികസന ഫണ്ട് (ടിഎസ്പി) | 272920 | 300535 |
| മെയി.ഫണ്ട് (നോൺ- | 3323077 | 3836463 |

| റോഡ്) | | |
|---|---|---|

2. വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടുള്ള ഭരണചെലവുകൾ, EFMS ചെലവുകൾ എന്നിവ NREGS കാഷ്ബുക്കിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല.

| | NREGS രജിസ്റ്റർ പ്രകാരം | AFS പ്രകാരം |
|---|---|---|
| മുന്നിരിപ്പ് | 1311.67 | 790 |
| വരവ് | 434324 | 434324 |
| ആകെ | 435635.6 | 435114 |
| ചെലവ് | 435582 | 435061 |
| നീക്കിയിരിപ്പ് | 53.67 | 53 |
| EFMS | 23276108 | 23237780 |

ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ട് പ്രകാരം (ഷെഡ്യൂൾ I-6, I-14(C)) തൊഴിലുറപ്പ് പദ്ധതിയുടെ ആകെ വരുമാനവും റവന്യു ചെലവും യഥാക്രമം 23712005 രൂപയും 23672841 രൂപയുമാണ്. തൊഴിലുറപ്പ് പദ്ധതിയുടെ ഭരണചെലവുകളും പദ്ധതി ചെലവുകളും മാത്രമാണ് ഇൻകം & എക്സ്പെന്റിച്ചർ പത്രികയിൽ വരുമാനമായും ചെലവായും ഉൾപ്പെടുത്തുക എന്നിരിക്കെ വരവിനേക്കാൾ കുറവ് ചെലവ് തുകയാണ് പത്രികയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

3. AFSലെ 320300199 എന്ന ഹെഡിലെ കുടുംബശ്രീ മിഷനിൽ ലഭിച്ച തുകകളിൽ യഥാർത്ഥത്തിൽ ചെലവഴിച്ച തുകകളും ബാലൻസ് ആയി Balance Sheet B-4ൽ കാണിച്ചിരിക്കുന്നു.

4. 320200299 എന്ന ഹെഡിൽ തൻവർഷം ₹2320000/- ലഭിച്ചിട്ടുണ്ട്. തുക ചെലവഴിച്ചിട്ടില്ല. തുക എന്ത് ആവശ്യത്തിന് ലഭിച്ചു എന്നും തുക ചെലവഴിക്കാതിരുന്നത് വിശദീകരണം ലഭ്യമാക്കണം.

5. ബാലൻസ് ഷീറ്റിലെ ബി9 ഷെഡ്യൂളിലെ 1217853/- രൂപ മുൻവർഷങ്ങളിൽ ലഭ്യമായതും തിരിച്ചടക്കേണ്ടതുമായ Unutilised Grant ഉള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. ഇത് ഏത് പദ്ധതിക്കായി ലഭ്യമായതാണെന്നുള്ള വിവരം ലഭ്യമാക്കേണ്ടതാണ്.

6. AFSലെ Balance Sheet B-4ൽ 320700104 എന്ന ഹെഡിലെ ബ്ലോക്ക് തുക 2015-16 വർഷം സംയുക്ത ഭവനം എന്ന പദ്ധതിക്കുവേണ്ടി ലഭിച്ച തുകയാണ്. തുക യഥാർത്ഥത്തിൽ ചെലവഴിച്ചിട്ടില്ലെങ്കിൽ തിരിച്ചടക്കേണ്ടതാണ്.

അപാകത സംബന്ധിച്ചു നൽകിയ ഓഡിറ്റ് എൻക്വയറി നം. 4/7.3.2023ന് ക്രമനം. (1)ലെ അപാകത വെബ് സാംഖ്യയിൽ ബിൽ തയ്യാറാക്കിയിരുന്നുവെങ്കിലും ട്രഷറിയിൽ പാസാവാതെയിരുന്നതിനാൽ യഥാർത്ഥത്തിൽ വന്ന ചെലവ് മാത്രമാണ് എഎഫ്എസിൽ രേഖപ്പെടുത്തിയത് എന്നും ക്രമനം. (2)ലെ NREGS ക്യാഷ് ബുക്കിലെയും എഎഫ്എസിലെയും വ്യത്യാസം ബാങ്ക് ചാർജ് ഈടാക്കിയതിലെ വ്യത്യാസമാണെന്നും ടി തുക സ്റ്റെയിൽ ചെക്കിനത്തിൽ ക്രമീകരിച്ചിട്ടുണ്ടെന്നും ഇൻകം ആന്റ് എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റിലെ വ്യത്യാസം റീകൂപ്പ് ചെയ്യാൻ അവശേഷിക്കുന്ന അഡ്മിൻ തുകയുടെയാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ക്രമനം (3)ലെ തുക യഥാർത്ഥത്തിൽ ചെലവഴിച്ചതാണ് എന്നും എന്നാൽ ജേർണൽ എൻട്രി വഴി

ലയബിലിറ്റിയിൽ കുറവാക്കിയില്ല എന്നും ക്രമനം. (4)ലെ തുക അംഗൻവാടി നിർമ്മാണത്തിനായി PWDയിൽ ഡെപ്പോസിറ്റ് ചെയ്ത തുക കെട്ടിട നിർമ്മാണം സാധിക്കാത്തതിനാൽ പഞ്ചായത്തിലേക്ക് തിരികെ നൽകി എന്നും ടി പ്രവൃത്തി അടുത്ത വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി എന്നും ക്രമനം. (5)ലെ ₹1190748/-അതാത് സ്ഥാപനങ്ങൾക്ക് കൈമാറി എന്നും ₹5405/-തനതു ഫണ്ടിലേക്ക് വരവ് വെച്ചു എന്നും ₹47300/- അനർഹമായ പെൻഷൻ തുക തിരികെ അടവാക്കിയത് എഎഫ്എസിൽ ക്രമീകരിക്കാത്തതാണെന്നും ക്രമ നം.(5)ലെ തുക യഥാർത്ഥത്തിൽ ചെലവായതാണോ എന്ന് പരിശോധിച്ച് കൃത്യത ഉറപ്പു വരുത്തേണ്ടതുണ്ട് എന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. അപാകതകൾ അടുത്ത വാർഷിക ധനകാര്യ പത്രിക തയ്യാറാക്കുന്ന വേളയിൽ പരിഹരിക്കേണ്ടതാണ്.

**1-2-3 നോൺ ഓപ്പറേറ്റിംഗ് അക്കൌണ്ടുകൾ ക്ലോസ് ചെയ്യേണ്ടതാണ്**

പണമിടപാടുകൾ ഇല്ലാത്ത അക്കൌണ്ടുകൾ നില നിർത്തിയിരിക്കുന്നു. വിശദാംശങ്ങൾ താഴെ പറയുന്നു. Non-Operating Accounts ക്സോസ് ചെയ്യേണ്ടതാണ്.

| ബാങ്കിന്റെ പേര് | അക്കൌണ്ട് നം. | R&P Schedule 40-B പ്രകാരം 31.3.3022ലെ നീക്കിയിരിപ്പ് |
|---|---|---|
| ഇന്ത്യൻ ബാങ്ക് | 557178401 | 23052 |
| ഇന്ത്യൻ ബാങ്ക് | 840607315 | 91896 |
| ഇന്ത്യൻ ബാങ്ക് | 58513990 | 22003 |
| സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ | 10733185381 | 4206 |
| യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ | 478902010202474 | 121726 |
| യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ | 210200895 | 3744 |
| കോ-ഓപ്പറേറ്റീവ് ബാങ്ക്, അകത്തേത്തറ | 5570 | 2106 |
| കോ-ഓപ്പറേറ്റീവ് ബാങ്ക്, അകത്തേത്തറ | 6157 | 33902 |
| കോ-ഓപ്പറേറ്റീവ് ബാങ്ക്, അകത്തേത്തറ | 7108 | 48162 |

അപാകത സംബന്ധിച്ചു നൽകിയ ഓഡിറ്റ് എൻക്വയറി നം. 4/7.3.2023ന് നോൺ ഓപ്പറേറ്റിംഗ് അക്കൌണ്ടുകൾ പരിശോധിച്ച് ഭരണ സമിതി തീരുമാനത്തിന് വിധേയമായി ക്ലോസ് ചെയ്യുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ് എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തുടർ നടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | ₹14716029/- |
| വരവ് | ₹79890651/- |
| ആകെ | ₹94606680/- |
| ചെലവ് | ₹70582280/- |
| നീക്കിയിരിപ്പ് | ₹24024400/ |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|
| വികസനഫണ്ട് - ജനറൽ | 0 | 12357274 | 12357274 | 12357274 | 0 |
| വികസനഫണ്ട് എസ്.സി.പി | 0 | 7133171 | 7133171 | 4536262 | 2596909 |
| വികസന ഫണ്ട് ടി.എസ്.പി. | 0 | 2853200 | 2853200 | 272920 | 2580280 |
| മെയ്ന്റനൻസ് ഗ്രാന്റ് റോഡ് | 0 | 5723846 | 5723846 | 5723846 | 844614 |
| മെയ്ന്റനൻസ് ഗ്രാന്റ് നോൺ റോഡ് | 0 | 6639161 | 6639161 | 3323077 | 3316084 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്(അൺടൈഡ്)-ട്രഷറി | 0 | 482468 | 482468 | 215160 | 267308 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്(അൺടൈഡ്)-ബാങ്ക് | 0 | 2910000 | 2910000 | 1971311 | 938689 |
| സെൻട്രൽ ഫിനാനൻസ് കമ്മീഷൻ ഗ്രാന്റ്(ടൈഡ്)-ട്രഷറി | 0 | 4579926 | 4579926 | 590589 | 3989337 |
| സെൻട്രൽ ഫിനാനൻസ് കമ്മീഷൻ ഗ്രാന്റ്(ടൈഡ്)-ബാങ്ക് | 0 | 4365000 | 4365000 | 2001498 | 2363502 |

*വികസനഫണ്ട് എസ്.സി.പി ACR പ്രകാരമുള്ള ചെലവ് ₹4737457/- ആണ്.
വികസന ഫണ്ട് ടി.എസ്.പി ACR പ്രകാരമുള്ള ചെലവ് ₹300535/- ആണ്.
മെയി. ഫണ്ട് (നോൺ-റോഡ്) ACR പ്രകാരമുള്ള ചെലവ് ₹3836463/- ആണ്.
സിഎഫ്സി (അൺടൈഡ്)(ബാങ്ക്) -ACR പ്രകാരമുള്ള ചെലവ് ₹2457293/- ആണ്.

സിഎഫ്സി (ടൈഡ്)(ട്രഷറി) -ACR പ്രകാരമുള്ള ചെലവ് ₹1014589/- ആണ്.

(*) അങ്കണവാടി വർക്കേഴ്സിന്റെ പ്രതിഫലത്തുക, ലൈഫ് മിഷൻ വായ്പാ മുതൽ തിരിച്ചടവ് എന്നിവയ്ക്കുള്ള ചെലവ് തുകയായ 3268726/-രൂപ മേൽ പട്ടികയിലെ വികസന ഫണ്ട് - ജനറൽ വരവിലും ചെലവിലും ഉൾപ്പെട്ടിട്ടില്ല.

(**) ലൈഫ് മിഷൻ വായ്പാ മുതൽ തിരിച്ചടവ് എന്നിവയ്ക്കുള്ള ചെലവ് തുകയായ 143407/- മേൽ പട്ടികയിലെ വികസന ഫണ്ട് - SCP വരവിലും ചെലവിലും ഉൾപ്പെട്ടിട്ടില്ല.

(***)സി.എഫ്.സി. - എ സി ആർ പ്രകാരം നീക്കിയിരിപ്പ് തുക 938689/- രൂപയാണെങ്കിലും പലിശയിനത്തിൽ ലഭിച്ച തുക 61733/- രൂപയുൾപ്പെടെ വാർഷികകണക്കിലെ നീക്കിയിരിപ്പ് 1000422/- രൂപയാണ്. ടൈഡ് ഫണ്ടിനും അൺടൈഡ് ഫണ്ടിനുമായി ലഭിച്ച പലിശ തുക അൺടൈഡ് ഫണ്ടിൽ മാത്രമാണ് രേഖപ്പെടുത്തിയത്.

<u>കേന്ദ്രാവിഷ്കൃതം</u>

1. ICDS

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ICDS കേന്ദ്രവിഹിതം | 1279516 | 854394 | 2133910 | 658750 | 1475160 |

<u>2. തൊഴിലുറപ്പു പദ്ധതി</u>

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| എം.എൻ.ആർ. ഇ.ജി. എസ്- അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 790 | 434324 | 435114 | 435061 | 53 |
| എം.എൻ.ആർ. ഇ.ജി. എസ്- തൊഴിലാളികളുടെ വേതനം | 0 | 23237780 | 23237780 | 23237780 | 0 |
| ആകെ | 790 | 23672104 | 23672894 | 23672841 | 53 |

എം.എൻ.ആർ.ഇ.ജി. എസ്-അഡ്മിനിസ്ട്രേറ്റീവ് വരവ്, ചെലവ്, തൊഴിലാളികളുടെ വേതനം എന്നിവ രജിസ്റ്റർ, വാർഷിക ധനകാര്യ പത്രിക എന്നിവ തമ്മിൽ വ്യത്യാസപ്പെട്ടിരിക്കുന്നു. വാർഷിക ധനകാര്യ പത്രികയിലെ വിവരങ്ങളാണ് ചേർത്തിരിക്കുന്നത്.

രജിസ്റ്റർ പ്രകാരം മുന്നിരിപ്പ്-₹1311.60 അഡ്മിനിസ്ട്രേറ്റീവ് വരവ് -₹434324 അഡ്മിനിസ്ട്രേറ്റീവ് ചെലവ് -₹435582 നീക്കിയിരിപ്പ് -₹53.67 വേതനം -₹23276108

*<u>3. ശുചിത്വ ഫണ്ട്</u>*

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| സമ്പൂർണ്ണ ശുചിത്വം | 304175 | 0 | 304175 | 15120 | 289055 |
| ശുചിത്വ മിഷൻ | 2759404 | 0 | 2759404 | 940891 | 1818513 |

| | | | | | |
|---|---|---|---|---|---|
| ഫണ്ട് - PBIG | | | | | |
| ആകെ | 3063579 | 0 | 3063579 | 956011 | 2107568 |

4. <u>സംസ്ഥാനാവിഷ്കൃതം</u>

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ലൈഫ് മിഷൻ | 0 | 2000000 | 2000000 | 0 | 2000000 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 197 | 151588161 | 162 | 44689354 | --- | 35 | 82.23 |

<u>വിവിധ നിർവഹണ ഉദ്യോഗസ്ഥർ അംഗീകാരം ലഭ്യമാക്കിയ പ്രൊജക്ടുകൾ നടപ്പിലാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.</u>

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 12 | 12 | 5855184 | 4103462 | 70.08 |
| വി.ഇ.ഒ.-I | 8 | 6 | 11854320 | 3705600 | 31.26 |
| വി.ഇ.ഒ.-II | 12 | 9 | 82068440 | 3518359 | 4.29 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 10 | 8 | 5137421 | 4481946 | 87.24 |
| സെക്രട്ടറി | 33 | 30 | 12340124 | 9423451 | 76.36 |
| അസിസ്റ്റന്റ് എഞ്ചിനിയർ | 59 | 46 | 20271940 | 10575453 | 52.17 |
| മെഡിക്കൽ ഓഫീസർ-PHC | 10 | 9 | 2167955 | 1737452 | 80.14 |
| മെഡിക്കൽ ഓഫീസർ-ആയുർവേദം | 6 | 6 | 1165000 | 1164989 | 100 |
| വെറ്ററിനറി സർജ്ജൻ | 10 | 10 | 3685950 | 2271700 | 61.63 |
| പ്രധാന അധ്യാപകൻ | 19 | 13 | 1925800 | 876305 | 45.5 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 2 | 2 | 475000 | 450050 | 94.75 |
| അസിസ്റ്റന്റ് സെക്രട്ടറി | 14 | 11 | 4380027 | 2312089 | 52.79 |
| സബ് | 2 | 2 | 261000 | 68498 | 26.24 |

| | | | | | |
|---|---|---|---|---|---|
| ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | | | | | |
| ആകെ | 197 | 162 | 151588161 | 44689354 | 29.48 |

അതാത് സാമ്പത്തിക വർഷത്തിൽ തന്നെ പരമാവധി തുക ചെലവഴിക്കുന്ന വിധത്തിൽ പദ്ധതി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യേണ്ടതാണ്. മോണിറ്ററിംഗ് കാര്യക്ഷമമാക്കി പദ്ധതി പുരോഗതി വിലയിരുത്തി ഫണ്ട് വിനിയോഗം ഉറപ്പാക്കേണ്ടതാണ്.

## 1-6 തൊഴിലുറപ്പ് പദ്ധതി

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| എം.എൻ.ആർ. ഇ.ജി. എസ്-അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 790 | 434324 | 435114 | 435061 | 53 |
| എം.എൻ.ആർ. ഇ.ജി. എസ്-തൊഴിലാളികളുടെ വേതനം | 0 | 23237780 | 23237780 | 23237780 | 0 |
| ആകെ | 790 | 23672104 | 23672894 | 23672841 | 53 |

എം.എൻ.ആർ.ഇ.ജി. എസ്-അഡ്മിനിസ്ട്രേറ്റീവ് വരവ്, ചെലവ്, തൊഴിലാളികളുടെ വേതനം എന്നിവ രജിസ്റ്റർ, വാർഷിക ധനകാര്യ പത്രിക എന്നിവ തമ്മിൽ വ്യത്യാസപ്പെട്ടിരിക്കുന്നു. വാർഷിക ധനകാര്യ പത്രികയിലെ വിവരങ്ങളാണ് ചേർത്തിരിക്കുന്നത്.

രജിസ്റ്റർ പ്രകാരം മുന്നിരിപ്പ്-₹1311.60അഡ്മിനിസ്ട്രേറ്റീവ് വരവ് -₹434324 അഡ്മിനിസ്ട്രേറ്റീവ് ചെലവ് -₹435582 നീക്കിയിരിപ്പ് -₹53.67 തൊഴിലാളികളുടെ വേതനം -₹23276108

## 1-7 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | ക്ഷേമ പദ്ധതി | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| 1 | കർഷക തൊഴിലാളി പെൻഷൻ | 3538800 | 228 |
| 2 | വിധവാ പെൻഷൻ | 14450800 | 957 |
| 3 | വാർദ്ധക്യകാല പെൻഷൻ | 28875700 | 2000 |
| 4 | വികലാംഗ പെൻഷൻ | 4087900 | 266 |
| 5 | 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ | 1110600 | 75 |
| 6 | തൊഴിൽരഹിത വേതനം | 0 | 0 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 21-2-2023ന് സ്ഥാപനത്തിലെ സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തി. 47436/- രൂപയുടെ വരവ് ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തിൽ കൈകാര്യം ചെയ്യുന്ന മുഴുവൻ വിഷയങ്ങളെയും അടിസ്ഥാനമാക്കി വിവിധ ഉത്തരവാദിത്തങ്ങൾ ജീവനക്കാർക്ക് ഓഫീസ് ഉത്തരവുകളിലൂടെ ഏൽപിച്ചിട്ടുണ്ട്.

ചെലവുകൾ ബജറ്റിനനുസരണമായി നിയന്ത്രിക്കുകയും **ബജറ്റ്** തയ്യാറാക്കി ഭരണസമിതി

ചർച്ചചെയത് പാസാക്കുകയും ചെയ്തിട്ടുണ്ട്.

**അക്കൗണ്ടിങ്ങ് റൂൾസ്** പ്രകാരം സൂക്ഷിക്കേണ്ട എല്ലാ രജിസ്റ്ററുകളും രേഖകളും സ്ഥാപനത്തിൽ സൂക്ഷിക്കുന്നുണ്ട്

ഓരോ ഇടപാടും നടത്തുന്ന സമയത്തുതന്നെ അക്കൗണ്ട് ചെയ്യപ്പെടുന്നതിൽ ശ്രദ്ധക്കുറവ് ഉണ്ടായിട്ടുണ്ട്. അടിയന്തിര സാഹചര്യങ്ങളിൽ മാന്വലായ രശീതികൾ സ്ഥാപനത്തിൽ ഉപയോഗിക്കുന്നുണ്ട്. ഇതിന്റെ സ്റ്റോക്ക് രജിസ്റ്റർ കാലികമാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നുണ്ട്. ഉപയോഗിക്കാത്തവ ഭദ്രമായി സൂക്ഷിച്ചിട്ടുണ്ട്.

**ഫ്രണ്ട് ഓഫീസിൽ** ഒരു ദിവസം ഒരാളെയാണ് ചുമതലപ്പെടുത്തുന്നത്. ഓരോ ദിവസത്തെയും വരവ് തുക ക്യാഷിന്റെ ചുമതലയുള്ള സെക്ഷൻ ക്ലാർക്കിനെ (Cashier) ഏൽപ്പിക്കുകയും തുകയുടെ കൃത്യത അക്കൗണ്ടന്റ്, ഹെഡ് ക്ലാർക്ക്, സെക്രട്ടറി എന്നിവർ പരിശോധിച്ചുറപ്പാക്കുകയും ചെയ്യുന്നുണ്ട്. തുക അതേ ദിവസം അല്ലെങ്കിൽ തൊട്ടടുത്ത പ്രവൃത്തി ദിവസം തന്നെ ബാങ്കിൽ അടവാക്കുകയും അടവു വിവരം അക്കൗണ്ടന്റ്, ഹെഡ് ക്ലാർക്ക് എന്നിവർ പരിശോധിച്ചുറപ്പാക്കുകയും ചെയ്യുന്നുണ്ട്.

ആയിരം രൂപക്ക് മുകളിലുള്ള തുകകൾ ചെക്കായിട്ടാണ് നൽകുന്നത്. എല്ലാ പേമെന്റുകൾക്കും കൈപ്പറ്റ് രശീതി വാങ്ങുന്നുണ്ട്. പേമെന്റ് വൗച്ചർ സെക്ഷൻ ക്ലാർക്ക് തയ്യാറാക്കി അക്കൗണ്ടന്റ്, ഹെഡ് ക്ലാർക്ക് എന്നിവർ പരിശോധിച്ച ശേഷം സെക്രട്ടറി ചെക്കിൽ ഒപ്പ് വെക്കുന്നു. വൗച്ചറുകളിൽ സെക്രട്ടറി, പ്രസിഡണ്ട് ഇവർ ഒപ്പ് വെച്ച് ആധികാരികമാക്കുന്നുണ്ട്. ബുക്ക് ഓഫ് അക്കൗണ്ട്സും ബാങ്ക് ബാലൻസും തമ്മിൽ മാസാന്ത്യ/വർഷാന്ത്യ റീകൺസീലിയേഷൻ നടത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നുണ്ട്.

ഗ്രാമ പഞ്ചായത്തിന് ലഭിക്കേണ്ട തുകകളുടെ കാലതാമസത്തിന് നിയമപ്രകാരം ഫൈൻ/ പിഴപ്പലിശ ഈടാക്കുന്നുണ്ട്. എല്ലാ കളക്ഷനുകളും കാഷ് ബുക്ക്, ലെഡ്ജർ എന്നിവയിൽ ഒരേസമയം രേഖപ്പെടുത്തുന്നതിനുള്ള സംവിധാനം ഉണ്ട്. എന്നാൽ വസ്തുനികുതി മാത്രമാണ് ഡി.സി.ബി. രജിസ്റ്റർ സാംഖ്യയുമായി ബന്ധിപ്പിച്ചിരിക്കുന്നത്. മറ്റു നികുതികളുടെയും ലൈസൻസ് ഫീസുകളുടെയും ഡി.സി.ബി പ്രത്യേകം മാന്വലായി തയ്യാറാക്കുകയാണ് ചെയ്യുന്നത്.

നികുതികൾ യഥാസമയം പിരിച്ചെടുക്കുന്നതിന് അനൗൺസ്മെന്റ്, ക്യാമ്പ് കളക്ഷൻ, ഫീൽഡ് കളക്ഷൻ, തുടങ്ങിയ മാർഗ്ഗങ്ങൾ സ്വീകരിച്ചിട്ടുണ്ട്.

ഓരോ വർഷവും ആർജ്ജിക്കുന്ന ആസ്തികൾ മുഴുവൻ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്. അനാവശ്യവും കാലഹരണപ്പെട്ടതുമായ ആസ്തികൾ നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് അതേസമയം നാശോന്മുഖമാകുന്നതിനു മുൻപ് വില്പന നടത്താൻ ശ്രദ്ധിക്കേണ്ടതാണ്.

പഞ്ചായത്ത് കമ്മറ്റി മീറ്റിംഗിന് " സകർമ്മ" യിലൂടെ മിനുട്ട്സ് തയ്യാറാക്കുന്നതിന് സംവിധാനമുള്ളത്. ഗ്രാമസഭ, വർക്കിംഗ് ഗ്രൂപ്പ്, സ്റ്റാന്റിംഗ് കമ്മറ്റി ഇവയുടെ മിനുട്ട്സുകളും Online സംവിധാനത്തിലേക്കു മാറേണ്ടതുണ്ട്.

**1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം**

| | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 29-11-2022 | 10/2022 | 11-1-2023 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 4-11-2014 മുതൽ 22-11-2014 വരെ | 2009-10 മുതൽ 2013-14 വരെ | LBQ(HQ)IV/8A-2217-14-15 Dt.12.12.2014 |
| അക്കൗണ്ടന്റ് | 18-11-2014 | 2010-11 | LBA(HQ)IV-8-B-1004/15-16-81 |

| | | | |
|---|---|---|---|
| ജനറലിന്റെ ഓഡിറ്റ്(സപ്ലിമെന്ററി ഓഡിറ്റ്) | | | Dt.3.8.2015 |

അക്കൌണ്ടന്റ് ജനറലിന്റെ 2009-10 മുതൽ 2013-14 വരെ വർഷ ഓഡിറ്റ് റിപ്പോർട്ടിലെ 11 എണ്ണം ഖണ്ഡികകൾ [2B-1(1), 2B-1(2), 2B-2(1), 2B-2(2), 3(1), 4(1), 4(2), 4(3), 4(4), 5(1), 6(1) ], അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് (സപ്ലിമെന്ററി ഓഡിറ്റ്) റിപ്പോർട്ടിലെ ഖണ്ഡിക 2B(1) ഉം തീർപ്പാക്കുവാൻ അവശേഷിക്കുന്നു.

**1-11 ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകുൽ -ഓഡിറ്റ് അന്വേഷണങ്ങൾ**

സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം ഗ്രാമപഞ്ചായത്തിൽ വാണിജ്യാവശ്യത്തിനായി നികുതി നിർണ്ണയം നടത്തിയിട്ടുള്ള കെട്ടിടങ്ങളുടെ വിവരങ്ങൾ താഴെപറയും പ്രകാരമാണ്.

| ക്രമ നമ്പർ | കെട്ടിടങ്ങളുടെ തരം | എണ്ണം |
|---|---|---|
| 1 | 100 ച.മീ വരെയുള്ള വാണിജ്യാവശ്യ കെട്ടിടങ്ങൾ | 700 |
| 2 | 100 ച.മീ മുകളിലുള്ള വാണിജ്യാവശ്യ കെട്ടിടങ്ങൾ | 64 |
| 3 | 200 ച.മീ വരെയുള്ള വാണിജ്യാവശ്യ കെട്ടിടങ്ങൾ | 8 |
| 4 | 200 ച.മീ മുകളിലുള്ള വാണിജ്യാവശ്യ കെട്ടിടങ്ങൾ | 25 |
| 5 | വാണിജ്യാവശ്യത്തിനുള്ള ബങ്കുകൾ, പെട്ടിക്കടകൾ, ഫ്യുവൽ സ്റ്റേഷൻ | 4 |
| 6 | ഓഫീസ് ആവശ്യത്തിനുള്ളവ (വ്യവസായ ശാലകളുടെ ഓഫീസ് കെട്ടിടം ഉൾപ്പടെ) | 60 |
| 7 | അസംബ്ലി കെട്ടിടം കൺവെൻഷൻ സെന്റർ തുടങ്ങിയവ | 18 |
| 8 | വ്യവസായ ആവശ്യത്തിനുള്ള കൈത്തറി ഷെഡ്,കയർപിരി ഷെഡ് | 60 |
| 9 | ഇതര വ്യവസായങ്ങൾക്കുള്ളവ | 40 |
| | ആകെ | 979 |

ഗ്രാമപഞ്ചായത്തിൽ ആകെ 979 കെട്ടിടങ്ങൾക്ക് വാണിജ്യാവശ്യങ്ങൾക്കായി നികുതി നിർണ്ണയം നടത്തുകയും കെട്ടിട നമ്പർ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ 2021-22 വർഷം 203 സ്ഥാപനങ്ങൾക്ക് മാത്രമാണ് വാണിജ്യ ഉപയോഗങ്ങൾക്കായി

പഞ്ചായത്തിൽ നിന്ന് ലൈസൻസ് അനുവദിച്ചിട്ടുള്ളത്.
ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്കു (നമ്പർ 02/07.03.23) ലഭ്യമാക്കിയ മറുപടിയിൽ വാണിജ്യാവശ്യങ്ങൾക്കായി കെട്ടിട നമ്പർ അനുവദിച്ച കെട്ടിടങ്ങളിൽ പലതും പ്രവർത്തനരഹിതമാണെന്നും തുടർന്നുള്ള വർഷങ്ങളിൽ ഈ വിഷയത്തിൽ കൂടുതൽ ശ്രദ്ധ നൽകുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശം

വാണിജ്യാവശ്യത്തിന് നമ്പർ നൽകിയ മുഴുവൻ കെട്ടിടങ്ങളുടെയും നിജസ്ഥിതി പരിശോധിക്കുകയും ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ലെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിയ്ക്കുന്ന സ്ഥാപനങ്ങളുടെ വാർഡ് തല ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിക്കേണ്ടതും അതിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതുമാണ്.

## 1-12-1 ഡിവിഷണൽ ഫോറസ്റ്റ് ഓഫീസിന്റെ കെട്ടിടങ്ങളെ ഇതര വ്യവസായങ്ങളിൽ ഉൾപ്പെടുത്തി

താഴെ പറയുന്ന ഡിവിഷണൽ ഫോറസ്റ്റ് ഓഫീസിന്റെ കെട്ടിടങ്ങൾ സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം "ഇതര വ്യവസായങ്ങൾക്കുള്ളവ" എന്ന തരത്തിൽ ഉൾപ്പെട്ടതായി കാണുന്നു.

| Building ID | Door NO | Owner Name | Owner Address |
|---|---|---|---|
| 50886010001916 | 16/1/ | Divisional Forest Office | D.F.O Banglaw |
| 50886010001917 | 16/2/ | Divisional Forest Office | Chief Conservator Of Forest |
| 50886010001933 | 16/17/ | Divisional Forest Office | |
| 50886010001936 | 16/19/ | Divisional Forest Office | |
| 50886010001938 | 16/20/ | Divisional Forest Office | |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 03/07.03.2023 ന് ലഭ്യമാക്കിയ മറുപടിയിൽ 16/1, 16/2, 16/20 എന്നീ കെട്ടിടങ്ങൾ റസിഡൻഷ്യൽ വിഭാഗത്തിലും 16/17, 16/19 എന്നീ കെട്ടിടങ്ങൾ ഓഫീസ് കെട്ടിടങ്ങളുമാണെന്നറിയിച്ചിട്ടുണ്ട്. സഞ്ചയ സോഫ്റ്റ്വെയറിൽ ആവശ്യമായ തിരുത്തലുകൾ വരുത്തി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-12-2 അനധികൃതമായി സ്ഥാപിച്ച് പ്രവർത്തിപ്പിക്കുന്ന മൊബൈൽ ടവറുകളുടെ വസ്തു നികുതി ഈടാക്കേണ്ടതാണ്

സുമിത്ത് ഡിജിറ്റൽ ഇൻഫ്രാ സ്ട്രക്ചറൽ പ്രൈവറ്റ് ലിമിറ്റഡ്, 32/0/2552-C പി.കെ ടവർ, ഒന്നാം നില, മാമംഗലം, യാത്രി നിവാസിന് സമീപം, പാലാരിവട്ടം പി.ഒ, എറണാകുളം എന്ന സ്ഥാപനത്തിന് 4-ാം വാർഡിൽ സർവ്വേ നം. 227/5,227/3a.189/15 ൽ 22.27 ആർ സ്ഥലത്ത് ഒരു ടെലികമ്മ്യൂണിക്കേഷൻ ടവർ സ്ഥാപിക്കുന്നതിന് A4-BA(256949)/2021 തീയതി 22.10.2021 നമ്പരായി പെർമിറ്റ് അനുവദിച്ചിരുന്നു .പെർമിറ്റ് കാലാവധി 21.10.2022-ന് അവസാനിച്ചതായി പെർമിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ ബോധ്യപ്പെട്ടു. പെർമിറ്റ് പുതുക്കുകയോ കംപ്ലീഷൻ റിപ്പോർട്ട് സമർപ്പിക്കുകയോ ചെയ്തിട്ടില്ല. മൊബൈൽ ടവറിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കാൻ നല്കിയ ഓഡിറ്റ് അന്വേഷണം

09/14-03-2023 ന് ലഭ്യമാക്കിയ മറുപടിയിൽ മേൽ പ്രസ്തുത ടവർ നേരിൽ പരിശോധിച്ചതിൽ ടവർ പ്രവർത്തിക്കുന്നതായി ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ സ്മിത്ത് ഡിജിറ്റൽ ഇൻഫ്രാ സ്ട്രക്ച്ചറൽ പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന്റെ മൊബൈൽ ടവറിന് നിയമാനുസൃത നികുതി ഈടാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. അനധികൃതമായി പ്രവർത്തനം ആരംഭിച്ചിട്ടുള്ള മൊബൈൽ ടവറിന്റെ നിർമ്മാണം ക്രമവത്ക്കരിക്കുന്നതിനായി 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 235ഡബ്ലിയു, 235 എ) എന്നീ വകുപ്പുകൾ പ്രകാരമുള്ള നടപടികളും 2019ലെ KPBR അനുസരിച്ചുള്ള നടപടികളും സ്വീകരിക്കേണ്ടതാണ്. അനധികൃത മൊബൈൽ ടവറുകളുടെ പ്രവർത്തനം പരിശോധിക്കുവാൻ കാലാകാലങ്ങളിൽ സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കേണ്ടതാണ്.

അടിയന്തിര നടപടികൾ സ്വീകരിച്ച് വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

**1-12 വസ്തു നികുതി**

വസ്തു നികുതി ഡാറ്റയുടെ പരിശോധനയിലെ കണ്ടെത്തലുകൾ തുടർ ഖണ്ഡികകളായി ചേർക്കുന്നു.

**1-13 സാമൂഹ്യ സുരക്ഷ പെൻഷൻ**

ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയ 2021-22 വർഷത്തെ മരണറിപ്പോർട്ട് രജിസ്റ്ററിലെ വിവരങ്ങൾ സേവന വെബ്സൈറ്റിലെ പെൻഷൻ തിരച്ചിൽ സംവിധാനം മുഖേന പരിശോധിച്ചപ്പോൾ താഴെ കൊടുത്തിരിക്കുന്ന ഗുണഭോക്താക്കൾക്ക് മരണശേഷവും പെൻഷൻ നൽകിയിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

1. മരണശേഷവും ബാങ്ക് മുഖേന പെൻഷൻ വിതരണം ചെയ്തവ

| ക്രമ നം | പേര് | പെൻഷൻ ഐ ഡി, പെൻഷൻ തരം | മരണപ്പെട്ട തീയതി | നിലവിലെ സ്റ്റാറ്റസ് | അനർഹമായി പെൻഷൻ വിതരണം ചെയ്തതിന്റെ വിവരം | | | അധികം നൽകിയ തുക |
|---|---|---|---|---|---|---|---|---|
| | | | | | കാലയളവ് | തുക | ആകെ | |
| 1 | കുഞ്ചമ്മാൾ. പി | 108860600649 (ഇന്ദിരാ ഗാന്ധി ദേശീയ വിധവ പെൻഷൻ സ്കീം) | 16.02.2021 | സസ്പെൻഡ് | 03/21 മുതൽ 04/21 | 1600 | 3200 | 3200 |
| 2 | ശിവരാമൻ. വി | 108860201070 (ഇന്ദിരാ ഗാന്ധി ദേശീയ വിധവ പെൻഷൻ സ്കീം) | 08.03.2021 | ആക്ടീവ് | 04/21 മുതൽ 12/22 | 1600 | 33600 | 33600 |
| 3 | സാറ | 108860100158 (കർഷക തൊഴിലാളി പെൻഷൻ) | 04.03.2021 | ആക്ടീവ് | 04/21 മുതൽ 12/22 | 1600 | 33600 | 33600 |
| 4 | സേതുമാധ | 108860200842 | 30.03.2021 | ആക്ടീവ് | 04/21 മുതൽ | 1600 | 33600 | 33600 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | വൻ നായർ | (ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യ കാല പെൻഷൻ) | | | 12/22 | | | |
| 5 | സത്യാ ഭാമ കെ കെ | 108860600575 (ഇന്ദിരാ ഗാന്ധി ദേശീയ വിധവ പെൻഷൻ സ്കീം) | 26.11.2020 | ആക്ടീവ് | 12/20 മുതൽ 12/22 | 1600 | 40000 | 40000 |
| 6 | തങ്കമ്മ വി | 108860601015 (ഇന്ദിരാ ഗാന്ധി ദേശീയ വിധവ പെൻഷൻ സ്കീം) | 06.07.2021 | ആക്ടീവ് | 8/21 മുതൽ 12/22 | 1600 | 27200 | 27200 |

2. മരണശേഷവും "ഡയറക്റ്റ് റ്റു ഹോം" മുഖേന പെൻഷൻ  വിതരണം ചെയ്തിരിക്കുന്നു

| ക്രമ നം | പേര് | പെൻഷൻ ഐ ഡി, പെൻഷൻ തരം | മരണപ്പെട്ട തീയതി | നിലവിലെ സ്റ്റാറ്റസ് | അനർഹമായി പെൻഷൻ വിതരണം ചെയ്തതിന്റെ വിവരം | | | അധികം നൽകിയ തുക |
|---|---|---|---|---|---|---|---|---|
| | | | | | കാലയളവ് | തുക | ആകെ | |
| 1 | ലക്ഷ്മിക്കുട്ടി | 108860200192 (ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യ കാല പെൻഷൻ) | 16.04.2021 | സസ്പെൻഡ് (ഡയറക്റ്റ് റ്റു ഹോം ) | 05/21 മുതൽ 04/22 | 1600 | 19200 | 19200 |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്കു (നമ്പർ 12/14.3.2023) മറുപടിയായി മേൽ  പറഞ്ഞ ഗുണഭോക്താക്കളെ സസ്പെൻഡ് ചെയ്തിട്ടുണ്ടെന്നും മരണശേഷവും തുക പിൻവലിച്ചിട്ടുണ്ടെങ്കിൽ തിരികെ ഈടാക്കുവാനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. സർക്കാരിന്റെ 23.09.2020 ലെ സ.ഉ.(എം.എസ്.)നം.97/2020/ധന ഉത്തരവ് ഖണ്ഡിക സി(12) പ്രകാരം മരണപെടുന്നവരുടെയും പുനർവിവാഹം ചെയ്യുന്നവരുടെയും വിവരങ്ങൾ അംഗൻവാടി /ആശാ വർക്കർമാർ മുഖാന്തരം ശേഖരിച്ചു അതാതു മാസം പെൻഷൻ ഡാറ്റ ബേസിൽ നിന്നും ഒഴിവാക്കാൻ പ്രാദേശിക സർക്കാർ സെക്രട്ടറിമാർ ബാധ്യസ്ഥരാണെന്നു വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ ധനകാര്യവകുപ്പിന്റെ 05.11.20 ലെ സർക്കുലർ  നമ്പർ  67/20 പ്രകാരം മരണപ്പെട്ടവരേയും മാനദണ്ഡങ്ങൾ  പ്രകാരം അർഹരല്ലാത്തവരേയും പെൻഷൻ ഗുണഭോക്തൃലിസ്റ്റിൽ നിന്നും ഒഴിവാക്കാത്തതു മുഖേന സർക്കാരിന് സാമ്പത്തിക നഷ്ടം ഉണ്ടായാൽ  പ്രസ്തുത തുക ബന്ധപ്പെട്ട  പാദേശിക സർക്കാർ  സെക്രട്ടറിയിൽ  നിന്നും ഈടാക്കുന്നതാണെന്ന്

നിർദ്ദേശിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ മരണം റിപ്പോർട്ട് ചെയ്യപ്പെട്ടതും എന്നാൽ, മറ്റ് തദ്ദേശസ്ഥാപനങ്ങളിൽ നിന്നും പെൻഷൻ കൈപ്പററുന്നുവരുമായവരുടെ വിവരം അതാത് തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ അറിയിക്കേണ്ടതും ഗ്രാമപഞ്ചായത്തിൽ അനർഹമായി നൽകിയ തുക എത്രയും വേഗം തിരികെ ഈടാക്കി സർക്കാരിലേക്ക് അടവാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്. കൂടാതെ പഞ്ചായത്തിൽ അർഹരായ ഗുണഭോക്താക്കൾ മാത്രമാണ് ക്ഷേമ പെൻഷനുകൾ കൈപ്പറ്റുന്നത് എന്ന് ഉറപ്പ് വരുത്തന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും ആയതു സംബന്ധിച്ചുള്ള റിപ്പോർട്ട് ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

## 1-14 രൂപീകരണത്തിലും നിർവ്വഹണത്തിലും അപാകങ്ങൾ -മാതൃകാ പദ്ധതി നടപ്പാക്കാനായില്ല.

| | |
|---|---|
| പ്രൊജക്ട് | 200/22-കാർബൺ ന്യൂട്രൽ പഞ്ചായത്ത് |
| അടങ്കൽ | 50000-തനത് ഫണ്ട് |
| ചെലവ് | 15000/- |
| | |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |

2021-22ൽ നിർവ്വഹണത്തിന് അംഗീകാരം നേടിയ ഈ പ്രൊജക്ട് അന്തരീക്ഷ വായുവിലെ കാർബണിന്റെ അളവ് കുറച്ചുകൊണ്ട് കാർബൺ ന്യൂട്രൽ പഞ്ചായത്ത് എന്നതാണ് ലക്ഷ്യമിട്ടത്. എന്നാൽ പദ്ധതി രൂപീകരണത്തിലെയും അതുവഴി നിർവ്വഹണത്തിലെയും അപാകങ്ങൾ ലക്ഷ്യപ്രാപ്തിക്ക് തടസ്സമായതായി ഓഡിറ്റ് വിലയിരുത്തുന്നു.
പ്രാരംഭ പ്രവർത്തനം എന്ന നിലയിൽ സർവ്വെ ആണ് നടത്തിയത്. സർവ്വേയിൽ പഞ്ചായത്തിലെ എല്ലാ വീടുകളിൽ നിന്നും വിവിധ തരം വാഹനങ്ങളുടെ എണ്ണം ശേഖരിച്ച് കാർബൺ എമിഷന്റെ തോത് അനുസരിച്ച് വാർഡ് അടിസ്ഥാനത്തിൽ കാർബൺ ഫൂട്ട്പ്രിന്റ് കണക്കാക്കിയിരിക്കുന്നു. അകത്തേത്തറ NSS Engineering College വിദ്യാർത്ഥികളാണ് വൊളന്റിയർമാരായി സർവെ നടത്തിയത്. പദ്ധതിയുടെ പുരോഗതിയും നിലവിലെ സ്ഥിതിയും മോണിറ്ററിംഗ് റിപ്പോർട്ടും ലഭ്യമാക്കുന്നതിന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ലഭ്യമാക്കിയ മറുപടിയിൽ സർവ്വെ പൂർത്തിയായിട്ടില്ല എന്നും പദ്ധതി സ്പിൽ ഓവറാക്കിയിട്ടുണ്ട് എന്നും വ്യക്തമാക്കിയിട്ടുണ്ട്. ഉദ്ഘാടനം,സർവ്വെ ഇനങ്ങളിലാണ് തൻവർഷം 15000 രൂപ ചെലവഴിച്ചത്. പദ്ധതിയുടെ ഭാഗമായി നാളിതുവരെ ഒരു വൃക്ഷതൈ പോലും നട്ടുപിടിപ്പിക്കാൻ കഴിഞ്ഞില്ല.

ബഹുവർഷപദ്ധതിയായി നടപ്പാക്കേണ്ട ആശയത്തെ ഏകവർഷ പദ്ധതിയാക്കിയത് നിർവ്വഹണത്തെ ബാധിച്ചു. വിദഗ്ദ്ധരുടെ നിർദേശത്തിന്റെ അടിസ്ഥാനത്തിൽ പ്രവർത്തിക്കാത്തതും കാര്യക്ഷമതയെ ബാധിച്ചു. അന്തരീക്ഷത്തിലെ കാർബൺ സാന്ദ്രത സംബന്ധിച്ച പഠനം നടത്തിയിട്ടില്ല. മാതൃകാ പദ്ധതി എന്നനിലയിൽ എല്ലാ ഘട്ടങ്ങളും ഡോക്യുമെന്റ് ചെയ്യേണ്ടതാണെങ്കിലും അപ്രകാരം ചെയ്തിട്ടില്ല.

ഓഡിറ്റ് നിർദ്ദേശം

നമ്മുടെ കാലാവസ്ഥയിൽ അനുയോജ്യമായതും ഉയർന്ന കാർബൺ ആഗിരണ-സംഭരണ ശേഷി ഉള്ളതുമായ വൃക്ഷങ്ങളെ സംബന്ധിച്ച് ഔദ്യോഗികമായി വിദഗ്ധോപദേശം തേടേണ്ടതും അന്തരീക്ഷത്തിലെ കാർബൺ സാന്ദ്രത ശാസ്ത്രീയമായി

വിലയിരുത്തേണ്ടതുമാണ്. ആയതിന്റെ അടിസ്ഥാനത്തിൽ തുടർ പ്രവർത്തനങ്ങൾ ക്രമീകരിക്കേണ്ടതാണ്.

പരിസ്ഥിതിസംഘടനകളുടെയും ത്രിതല പഞ്ചായത്ത് സംവിധാനത്തിന്റെയും സാധ്യതകൾ പ്രയോജനപ്പെടുത്താവുന്നതാണ്.

തുടർ നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

**<u>1-15 അങ്കണവാടി പോഷകാഹാരവിതരണം- ന്യൂട്രിമിക്സ് ബില്ലിൽ നിന്നും ജി എസ് ടി – ടി.ഡി.എസ് നടത്തിയില്ല</u>**

ICDS സൂപ്പർവൈസർ നിർവ്വഹണം നടത്തിയ അങ്കണവാടി പോഷകാഹാര വിതരണ പ്രൊജക്ടുകൾ പ്രകാരം അമൃതം ന്യൂട്രിമിക്സിന്റെ ബിൽ തുക അനുവദിച്ചപ്പോൾ നിയമാനുസൃത ജി എസ് ടി – ടി.ഡി.എസ് നടത്തിയിട്ടില്ലെന്ന് കണ്ടത്തി.

പ്രൊജക്റ്റിന്റെ വിശദാംശം

| | |
|---|---|
| പ്രൊജക്റ്റ് | 16/22-അംഗൻവാടി പോഷകാഹാര പരിപാടി (ജനറൽ) |
| അടങ്കൽ | ₹2700000<br>₹1600000(പൊതുവിഭാഗം)<br>₹1100000(കേന്ദ്രാവിഷ്കൃതം) |
| ചെലവ് | ₹2696173<br>₹1600000(പൊതുവിഭാഗം)<br>₹1096173(കേന്ദ്രാവിഷ്കൃതം) |

| | |
|---|---|
| പ്രൊജക്റ്റ് | 17/22-അംഗൻവാടി പോഷകാഹാര പരിപാടി (പട്ടികജാതി വിഭാഗം) |
| അടങ്കൽ | ₹500000<br>₹400000(എസ്സിപി)<br>₹100000(കേന്ദ്രാവിഷ്കൃതം) |
| ചെലവ് | ₹494304<br>₹400000(എസ്സിപി)<br>₹94304(കേന്ദ്രാവിഷ്കൃതം) |

| സ്ഥാപനത്തിന് തുക നൽകിയ ബിൽ നം/ചെക്ക് നം., തീയതി | തുക | അമൃതം ന്യൂട്രിമിക്സിന് നൽകിയ തുക |
|---|---|---|
| 1/9.7.2021 | 628397 | 387324 |
| 2/9.7.2021 | 51201 | 26633 |
| 3/9.7.2021 | 479736 | 94540 |
| 4/9.7.2021 | 25065 | 12293 |
| 10/17.9.2021 | 52176 | 26633 |
| 11/17.9.2021 | 313290 | 199883 |
| 12/25.9.2021 | 151104 | 93199 |
| 13/25.9.2021 | 25064 | 12292 |
| XY-2133517/27.3.2022 | 94304 | 44215 |
| JF-2313019/28.2.2022 | 658750 | 303513 |

കേന്ദ്ര ഗുഡ്സ് & സർവ്വീസ് ആക്ട് 2017 ലെ സെക്ഷൻ 51(1), കേന്ദ്ര ധനകാര്യ മന്ത്രാലയം-റവന്യൂ വകുപ്പിന്റെ 14.9.2018ലെ സർക്കുലർ നം.65/39/2018/DOR, സ.ഉ(പി)നം.162/2018/ധനം

തീയതി 22.10.2018 എന്നിവ പ്രകാരം 1.10.2018 മുതൽ 2.5 ലക്ഷം രൂപയ്ക്ക് മുകളിൽ കരാർ തുക വരുന്ന വാങ്ങലുകളുടെ കാര്യത്തിൽ വാങ്ങൽ നടത്തുന്ന സ്ഥാപനം 2% ടി.ഡി.എസ് ഈടാക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ സർക്കുലർ നം.ഡി.എ)1/87/2019/ ത.സ്വ.ഭ.വ തീ. 08.03.19 പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥർ നടത്തുന്ന വാങ്ങലുകൾക്ക്/ പ്രവൃത്തികൾക്ക് സെക്രട്ടറിയുടെ GSTIN ഉപയോഗിച്ച് ടി ഡി എസ് ഒടുക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിരുന്നു. തുടർന്ന് 08.09.2020 ലെ സർക്കുലർ നം. നം.ഡി.എ)1/87/2019 ത.സ്വ.ഭ.വ ഖണ്ഡിക 3 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെയും ഘടക സ്ഥാപനങ്ങളിലേയും എല്ലാ ഡി.ഡി.ഒ മാരും അവരുടെ PAN/TAN ന്റെ അടിസ്ഥാനത്തിൽ GST-TDS രജിസ്ട്രേഷൻ എടുക്കേണ്ടതും, രണ്ടര ലക്ഷത്തിനു മുകളിലുള്ള കരാർ തുകയുള്ള വാങ്ങലുകളിൽ/പ്രവർത്തികളിൽ ജി.എസ്.ടി-ടി.ഡി.എസ് കിഴിവ് വരുത്തേണ്ടതുമാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

2021-22 വർഷത്തിൽ അമ്മു ഫുഡ്സ്, കല്ലേക്കാട്, കൊടുന്തിരപ്പുള്ളി എന്ന സ്ഥാപനത്തിൽ നിന്നുമാണ് അങ്കണവാടികൾക്കാവശ്യമായ ന്യൂട്രിമിക്സ് വാങ്ങിയിട്ടുള്ളത്. സ്ഥാപനം സമർപ്പിച്ച ബില്ലുകളിൽ നിന്നും നിയമാനുസൃതം ഈടാക്കേണ്ട 2% നിരക്കിലുള്ള ടി.ഡി.എസ് ഈടാക്കിയിട്ടില്ല.

നിയമാനുസൃതമുള്ള ജി.എസ്.ടി കിഴിവ് നടത്താതെ സപ്ലൈയർക്ക് തുക അനുവദിച്ചത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 11/14.3.2023ന് മറുപടി ലഭ്യമാക്കിയില്ല.

എല്ലാ ബില്ലുകളിൽ നിന്നും ജി.എസ്.ടി- ടി.ഡി.എസ് നടത്തേണ്ടതാണ്.

**1-16 വയോജനങ്ങൾക്ക് കട്ടിൽ വിതരണം - സ്റ്റോർസ് പർച്ചേസ് വ്യവസ്ഥകൾ പാലിക്കാതെ നേരിട്ട് വാങ്ങി**

പ്രോജക്ട് - 22/22, വയോജനങ്ങൾക്ക് കട്ടിൽ വിതരണം (ജനറൽ)

നിർവ്വഹണോദ്യോഗസ്ഥൻ - ഐസിഡിഎസ് സൂപ്പർവൈസർ

അടങ്കൽ - ₹395850 [(വികസന ഫണ്ട് ജനറൽ -₹100000, ബ്ലോക്ക് പഞ്ചായത്ത് -₹295850)]

ചെലവ് - ₹296698/-

ബിൽ നം. 22/27.3.2022 -₹197800/-, 23/27.3.2022-₹98898/-

താഴെ പറയുന്ന സ്പെസിഫിക്കേഷനിലുള്ള 69 കട്ടിലുകൾ ഒരു കട്ടിലിന് 4300 രൂപ നിരക്കിൽ ARTCO LTD, പാലക്കാട് -ൽ നിന്നും നേരിട്ട് വാങ്ങി വിതരണം ചെയ്തിട്ടുണ്ട്.

സ്പെസിഫിക്കേഷൻ- HW Cot 198 X90cm - 69 എണ്ണം

Front Leg 60cm. Back Leg -50cm, 8mm Plywood Top Polish Finish
ടാക്സ് ഇൻവോയ്സ് നമ്പർ- 1.447/19.3.2022-98898/-,
2.448/19.3.2022 -₹197800/-

ARTCO യുടെ പ്രൊഫോർമ ഇൻവോയ്സ് പ്രകാരമുള്ള 4300 രൂപ ഭരണസമിതി 21.3.2022 ലെ 12(1) നം. തീരുമാനപ്രകാരം അംഗീകരിക്കുകയും സ്ഥാപനവുമായി കരാറിൽ ഏർപ്പെട്ട് സപ്ലൈ ഓർഡർ നൽകുന്നതിന് തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്.

പ്രൊജക്ടിന്റെ പരിശോധനയിൽ വാങ്ങൽ നടപടികളുമായി ബന്ധപ്പെട്ട സർക്കാർ നിർദ്ദേശങ്ങൾ പാലിക്കാതെയാണ് പ്രവൃത്തി നടപ്പാക്കിയതെന്നു കണ്ടെത്തി. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

1.സ.ഉ(പി)നം.07/2019/SPD തിയതി 26-04-2019 പ്രകാരം 25000 രൂപയ്ക്കു മുകളിലുള്ള വാങ്ങലുകൾ (കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും ഒഴികെ) നടത്തുമ്പോൾ കേന്ദ്ര സർക്കാരിന്റെ ഓൺലൈൻ പോർട്ടൽ ആയ GeM (Government E Marketplace) ൽ സാധനങ്ങൾ ലഭ്യമാണോ എന്ന് പരിശോധിക്കേണ്ടതും GeM ൽ ലഭ്യമായവ GeM മുഖേന നിർബന്ധമായും വാങ്ങേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. മേൽ സൂചിപ്പിച്ച പ്രകാരമുള്ള ഫർണിച്ചറുകൾ GeM ൽ ലഭ്യമാണോ എന്ന് പരിശോധിച്ച് ഇല്ലെങ്കിൽ നിശ്ചിത സ്പെസിഫിക്കഷേൻ പ്രകാരമുള്ള ഫർണിച്ചറുകൾ GeM ൽ ലഭ്യമല്ല എന്ന് രേഖപ്പെടുത്തിയതായി കാണുന്നില്ല.

2. ജി.ഒ(ആർടി)നം. 1/2021/SPD തിയതി 05.02.21 പ്രകാരം ARTCO-യുടെ പ്രൈസ് ലിസ്റ്റിൽ

ഉൾപ്പെട്ട ഫർണിച്ചറുകൾ ടെണ്ടർ നടപടികൾ കൂടാതെ നേരിട്ട് വാങ്ങാവുന്നതാണ്. ജി.ഒ(ആർടി)നം. 4/2018/SPD തിയതി 02.02.2018 പ്രകാരമുള്ള സ്റ്റോർ പർച്ചേയ്സ് ഡിപ്പാർട്ടുമെന്റിന്റെ ഉത്തരവിൽ ARTCO നിർമ്മിച്ച് വിതരണം ചെയ്യുന്ന ഫർണിച്ചറുകളുടെ പ്രൈസ് ലിസ്റ്റിൽ ഗ്രാമപഞ്ചായത്ത് ആവശ്യപ്പെട്ട സ്പെസിഫിക്കേഷൻ പ്രകാരമുള്ളവ ഉൾപ്പെടുന്നില്ല. ഇപ്രകാരം പട്ടികയിൽ ഉൾപ്പെടാത്ത ഫർണിച്ചറുകൾ സ്റ്റോർ പർച്ചേയ്സ് റൂൾസ് പാലിച്ച് ടെണ്ടർ നടപടികളിലൂടെ വാങ്ങലുകൾ നടത്തേണ്ടതും ആയതിൽ ARTCO- വിനും പങ്കെടുക്കാവുന്നതുമാണ്.

3. കേന്ദ്ര ഗുഡ്സ് & സർവ്വീസ് ആക്ട് 2017 ലെ സെക്ഷൻ 51(1), കേന്ദ്ര ധനകാര്യ മന്ത്രാലയം-റവന്യൂ വകുപ്പിന്റെ 14.9.2018ലെ സർക്കുലർ നം.65/39/2018/DOR, സ.ഉ(പി)നം.162/2018/ധനം തീയതി 22.10.2018 എന്നിവ പ്രകാരം 1.10.2018 മുതൽ 2.5 ലക്ഷം രൂപയ്ക്ക് മുകളിൽ കരാർ തുക വരുന്ന വാങ്ങലുകളുടെ കാര്യത്തിൽ വാങ്ങൽ നടത്തുന്ന സ്ഥാപനം 2% ടി.ഡി.എസ് ഈടാക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. തുക അനുവദിച്ചിട്ടുള്ള ബില്ലുകളിൽ നിന്നും ടി.ഡി.എസ്. ചെയ്യാതെയാണ് തുക അനുവദിച്ചിട്ടുള്ളത്.

4. മേൽ വാങ്ങലുകൾ പ്രൊക്യുർമെന്റ് കമ്മിറ്റി അംഗീകരിച്ചിട്ടില്ല.

ഫർണിച്ചറുകൾ നേരിട്ട് ആർട്ട്കോയിൽ നിന്നും വാങ്ങുവാനുണ്ടായ സാഹചര്യം, ടി.ഡി.എസ് ചെയ്യാതിരുന്നതിന്റെ കാരണം എന്നിവ വ്യക്തമാക്കാനാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറി നം. 13/14.3.2023ന് ആർട്കോയിൽ നിന്നും നേരിട്ട് കട്ടിലുകൾ വാങ്ങുവാൻ പാടില്ല എന്നതും 2.5 ലക്ഷം രൂപയ്ക്ക് മുകളിൽ കരാർ തുക വരുന്ന വാങ്ങലുകളുടെ കാര്യത്തിൽ വാങ്ങൽ നടത്തുന്ന സ്ഥാപനം 2% ടി.ഡി.എസ് ഈടാക്കേണ്ടതാണെന്നതും അറിയില്ലായിരുന്നു എന്ന് നിർവ്വഹണോദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടുണ്ട്.
പ്രൊജക്ടുകൾ നടപ്പിലാക്കുമ്പോൾ സർക്കാർ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

## 1-17 ജാഗ്രതാ സമിതി- ചെലവു രേഖകൾ ഹാജരാക്കിയില്ല

പ്രൊജക്ട് നം. 193/22 -ജാഗ്രതാ സമിതി

അടങ്കൽ - ₹29256 (വികസന ഫണ്ട് -ജനറൽ)

ചെലവ് - ₹12275/- (ബിൽ നം. 7/4.8.2021)

നിർവഹണ ഉദ്യോഗസ്ഥ -ഐസിഡിഎസ് സൂപ്പർവൈസർ

ജാഗ്രതാ സമിതി എന്ന പദ്ധതി പ്രകാരം ₹12275/- പിൻവലിച്ച് 18 പേർക്ക് നൽകിയിട്ടുണ്ട്. (350x11 -3850 +300 X1 =300+ 400x2 =800 +3500x1 =3500+ 2000x1 =2000+1500x1 =1500+325x1 =325). എന്നാൽ ചെലവു രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. രേഖകൾ ഹാജരാക്കാനാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറി നം. 13/14.3.2023ന് മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകൾ ഹാജരാക്കുന്നതു വരെ ചെലവു തുക ₹12275/- തടസ്സത്തിൽ വയ്ക്കുന്നു.

## 1-18 ഐസിഡിഎസ് സൂപ്പർവൈസർ നടപ്പിലാക്കിയ പദ്ധതികൾ -രേഖകളുടെ സൂക്ഷിപ്പിലെ അപാകതകൾ

1. കേന്ദ്രാവിഷ്കൃത ഫണ്ട് ₹437423/- ചെക്ക് നം. XY-2133518/27.3.2022 പ്രകാരം പിൻവലിച്ച് ട്രാൻസ്പോർട്ടേഷൻ ചാർജ് -₹7699/- , അമ്മു ഫുഡ്സ് -₹182342/-, മാവേലി സ്റ്റോർ -₹247382/- എന്നിങ്ങനെ നൽകിയിട്ടുണ്ട്. എന്നാൽ മേൽ വിവരങ്ങൾ കാഷ്ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല.

2. 16/22-അംഗൻവാടി പോഷകാഹാര പരിപാടി (ജനറൽ)

ചെലവ് -₹2696173/-

17/22-അംഗൻവാടി പോഷകാഹാര പരിപാടി (പട്ടികജാതി വിഭാഗം)

₹494304/-

മേൽ പദ്ധതികൾ പ്രകാരം ഭക്ഷ്യധാന്യങ്ങൾ വാങ്ങി വിതരണം ചെയ്തിട്ടുണ്ട്.

ട്രഷറി ബിൽ നം. 1 മുതൽ 16 വരെ ₹1890923/- (ബിൽ നം. 1/9.7.2021- ₹628397/-, 2/9.7.2021 -₹51201, 3/9.7.2021 -₹479736, 4,9.7.2021-₹25065, 10/17.9.2021-₹52176, 11/17.9.2021-₹313290, 12/25.9.2021-₹151104, 13/25.9.2021-₹25064, 15/27.12.2021-₹121212, 16/15.11.2021 -₹43678/-) യുടെ ഭക്ഷ്യധാന്യങ്ങൾ വാങ്ങി വിതരണം ചെയ്തതിന്റെ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട് എങ്കിലും വിതരണ വിവരങ്ങളിൽ 26 അംഗൻവാടികളിലേയും ഗുണഭോക്താക്കളുടെ എണ്ണം മാത്രമാണ് രേഖപ്പെടുത്തുന്നത്. അതിനാൽ സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തതിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 13/14.3.2023ന് ക്രമനം. (1)ലെ അപാകതയ്ക്ക് ക്യാഷ്ബുക്കിൽ രേഖപ്പെടുത്തി ഹാജരാക്കിയിട്ടുണ്ട്. ക്രമനം (2)ലെ അപാകതയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ഭക്ഷ്യധാന്യങ്ങൾ വിതരണ രജിസ്റ്ററിൽ വാങ്ങിയ അളവുകൾ ഉൾപ്പെടെ രേഖപ്പെടുത്തി സൂക്ഷിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-19 അകത്തേത്തറ GUP സ്ക്കൂളിലെ ഷീറ്റ് മേഞ്ഞ താൽക്കാലിക കെട്ടിടം പൊളിച്ചു മാറ്റുന്നത്-തുടർ നടപടി സ്വീകരിക്കേണ്ടതാണ്

ഭരണ സമിതി തീരുമാനം -16/21.3.2022

അകത്തേത്തറ GUP സ്ക്കൂളിലെ ഷീറ്റ് മേഞ്ഞ താൽക്കാലിക കെട്ടിടം പൊളിച്ചു മാറ്റുന്നതു സംബന്ധിച്ച് ഹെഡ്മാസ്റ്റർ, GUPS, അകത്തേത്തറ എന്നവരുടെ 6.12.2021 തിയതിയിലെ അപേക്ഷയും ആയതിൻമേൽ അസിസ്റ്റന്റ് എഞ്ചിനീയർ, എൽഎസ്ജിഡി എന്നവരുടെ 13.12.2021 തിയതിയിലെ റിപ്പോർട്ടും ഭരണ സമിതി തീരുമാനം -16/21.3.2022-ൽ ചർച്ച ചെയ്തു. അസിസ്റ്റന്റ് എഞ്ചിനീയറുടെ റിപ്പോർട്ടിൽ ബഹു. സർക്കാരിന്റെ 2.11.2021 തിയതിയിലെ സ.ഉ(സാധാ) നം. 2182/21/തസ്വഭവ ഉത്തരവ് പ്രകാരം ആസ്ബസ്റ്റോസ് ഷീറ്റ് മേഞ്ഞ മേൽക്കൂരകളോടു കൂടിയ എല്ലാ സ്ക്കൂളുകളും ആയത് നീക്കം ചെയ്ത് അനുയോജ്യമായ മേൽക്കൂരകൾ സ്ഥാപിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ടെന്നും ടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ താൽക്കാലികമായി മൂന്ന് മാസത്തേക്ക് മാത്രം ഫിറ്റ്നസ് അനുവദിച്ചിട്ടുള്ളതെന്നും ടി കെട്ടിടം മൂലം പ്രധാന കെട്ടിടത്തിന്റ ക്ലാസ് മുറികളിലേക്കുള്ള വെളിച്ചവും, വായുവും തടസ്സപ്പെടുന്നുവെന്നും ആയതുകൊണ്ടുതന്നെ നിലവിലുള്ള പ്രധാന കെട്ടിടത്തിലെ ക്ലാസ് മുറികളിലേക്ക് വെളിച്ചവും വായുവും ലഭിക്കത്തക്കവിധത്തിൽ മേൽക്കൂര RCC ആക്കണമെന്നും ആതയിനായി ടി കെട്ടിടത്തിന്റ സ്ട്രെക്ചറൽ സ്റ്റബിലിറ്റി പരിശോധിക്കണമെന്നും പരാമർച്ചിട്ടുണ്ട്. മേൽ സാഹചര്യത്തിൽ ടി ഷീറ്റിട്ട കെട്ടിടത്തിന്റെ മേൽക്കൂര RCC ആക്കുന്നതിന് ടി കെട്ടിടത്തിന്റ സ്ട്രെക്ചറൽ സ്റ്റബിലിറ്റി പരിശോധിച്ച് റിപ്പോർട്ട് ലഭ്യമാക്കുന്നതിനും ടി കെട്ടിടത്തിന് മതിയായ സ്ട്രെക്ചറൽ സ്റ്റബിലിറ്റി ഇല്ലാത്ത പക്ഷം ആയത് പൊളിച്ചു മാറ്റുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുന്നതിന് ഹെഡ്മാസ്റ്റർ, ജിയുപിഎസ്, അകത്തേത്തറയെ ചുമതലപ്പെടുത്തി തീരുമാനിച്ചു.

മേൽ കെട്ടിടത്തിന്റെ നിലവിലെ സ്ഥിതിയും സ്വീകരിച്ച തുടർ നടപടികളുംഅറിയിക്കാനാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറി നം. 10/14.3.2023ന് ഓഡിറ്റ് എൻക്വയറി നൽകിയതിനെ തുടർന്ന് 15.3.2021ന് പ്രധാന അധ്യാപകൻ തുടർ നടപടികൾ സ്വീകരിക്കുന്നതിനായി ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് കത്തു നൽകുകയും നടപടികൾ കൈകൊണ്ട് വിവരം അറിയിക്കാം എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തുടർ നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-20 പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകിയപ്പോൾ കരാറുകാരിൽ നിന്നും പിഴ ഈടാക്കിയില്ല

2012 ലെ കേരള PWD മാന്വലിലെ സെക്ഷൻ 2112 പ്രകാരം അസ്സൽ കാലാവധിയുടെ 25 ശതമാനമോ ആറ് മാസമോ ഏതാണോ കുറവ് അതുവരെ രണ്ട് തവണകളായി പ്രവൃത്തിയുടെ കാലാവധി ദീർഘിപ്പിച്ചു നൽകാവുന്നതാണ്. അസ്സൽ കാലാവധിയുടെ 50 ശതമാനത്തിൽ കൂടുതൽ കാലാവധി ദീർഘിപ്പിച്ചു നൽകാവുന്നതല്ല. ഖണ്ഡിക 2112.1 ൽ കരാറുകാരന്റേതായ കാരണങ്ങളാൽ കരാർ കാലാവധി ദീർഘിപ്പിച്ചു നൽകുമ്പോൾ നിശ്ചിത തുക പിഴയായി ഈടാക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ആദ്യ തവണ

ദീർഘിപ്പിക്കുന്നതിന് പി.എ.സിയുടെ 1% തുകയും (കുറഞ്ഞത് 1000 രൂപ, കൂടിയത് 50000 രൂപ) ആദ്യത്തെ ദീർഘിപ്പിക്കലിനു ശേഷവും ദീർഘിപ്പിക്കുന്നതിന് പി.എ.സിയുടെ 2% തുകയും (കുറഞ്ഞത് 2000 രൂപ, കൂടിയത് 100000 രൂപ) പിഴയായി ഈടാക്കേണ്ടതാണ്. കരാർ കാലാവധി തീരുന്നതിനു മുമ്പ്, കരാറുകാരൻ കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷ നൽകേണ്ടതാണ്.

| പ്രവൃത്തിയുടെ വിവരം | പ്രവൃത്തി പൂർത്തീകരിക്കേണ്ടിയിരുന്ന തിയതി | പൂർത്തീകരിച്ച തിയതി | ഈടാക്കിയ പിഴ | ഈടാക്കേണ്ടിയിരുന്നത് |
|---|---|---|---|---|
| 84/21, 136/22-EMS നഗർ രണ്ടാം ലൈൻ റീടാറിംഗ്<br>അടങ്കൽ - 445430 (MG(R))<br>PAC- 394243.67<br>കരാറുകാരൻ - ശ്രീ.ജെനിൽ ജേക്കബ്<br>എഗ്രിമെന്റ് നം.: 10/14.9.2020<br>അളവു പുസ്തകം - 25/2019-20<br>ചെലവ് - ₹234488<br>(ബിൽ നം. 15/21.12.2021)<br>₹209373<br>(ബിൽ നം. 21/31.1.2022)<br>പൂർത്തീകരണ കാലാവധി - 6 മാസം | 13-3-2021 | 25-1-2022 | 0 | 11827<br>(3%) |
| കരാറുകാരന്റെ അപേക്ഷ ഇല്ല. എ.ഇ. സമയം അനുവദിച്ചിട്ടില്ല. | | | | |
| 91/21, 138/22-<br>PHC റോഡ് റീ കോൺക്രീറ്റിംഗ്<br>അടങ്കൽ - 303570 (MG (R))<br>PAC- 268126.52<br>കരാറുകാരൻ - ശ്രീ.കണ്ണൻ.കെ<br>എഗ്രിമെന്റ് നം.:24/18.9.2020<br>അളവു പുസ്തകം - 26/2019-20<br>ചെലവ് - ₹299649<br>(ബിൽ നം. -16/31.12.2021)<br>പൂർത്തീകരണ കാലാവധി - 6 മാസം | 17-3-2021 | 28-12-2021 | 0 | 8044<br>(3%) |
| കരാറുകാരന്റെ അപേക്ഷ ഇല്ല. എ.ഇ. സമയം അനുവദിച്ചിട്ടില്ല. | | | | |
| 118/21, 145/22-<br>എകെജി നഗർ ഇന്റർലോക്കിംഗ്<br>അടങ്കൽ - 257000 (CFC)<br>PAC- 227635.18<br>കരാറുകാരൻ - ശ്രീ.നിജോ.പി.സെബാസ്റ്റ്യൻ<br>എഗ്രിമെന്റ് നം.: 25/18.9.2020<br>അളവു പുസ്തകം - 30/2019-20<br>ചെലവ് - ₹232807<br>(ബിൽ നം. -4/9.9.2021)<br>പൂർത്തീകരണ കാലാവധി - 6 മാസം | 17-3-2021 | 7-6-2021 | 0 | 6829<br>(3%) |
| കരാറുകാരന്റെ അപേക്ഷ ഇല്ല. എ.ഇ. സമയം അനുവദിച്ചിട്ടില്ല. | | | | |
| 134/21, 148/22-<br>ശ്രീദുർഗ്ഗ നഗർ പുലരി വീട് മുതൽ | 13-3-2021 | 19-6-2021 | 0 | 2210<br>(3%) |

| | | | | |
|---|---|---|---|---|
| അരവിന്ദാക്ഷൻ വീട് വരെ റോഡ് റീടാറിംഗ് അടങ്കൽ - 85000 (MG(R)) PAC- 73665.23 കരാറുകാരൻ - ശ്രീ.ജെനിൽ ജേക്കബ് എഗ്രിമെന്റ് നം.:21/14.9.2020 അളവു പുസ്തകം - 5/21-22 ചെലവ് - ₹84505 (ബിൽ നം. -5/25.9.2021 പൂർത്തീകരണ കാലാവധി - 6 മാസം | | | | |
| കരാറുകാരന്റെ അപേക്ഷ ഇല്ല. എ.ഇ. സമയം അനുവദിച്ചിട്ടില്ല. | | | | |
| 132/21, 147/22- സാഗരിക നഗർ റോഡ് റീടാറിംഗ് അടങ്കൽ - 70000 (MG(R)) PAC- 68636 കരാറുകാരൻ - ശ്രീ.ജെനിൽ ജേക്കബ് എഗ്രിമെന്റ് നം.:19/16.9.2020 അളവു പുസ്തകം - 42/2019-20 ചെലവ് - ₹68636 (ബിൽ നം. -6/25.9.2021 പൂർത്തീകരണ കാലാവധി - 6 മാസം | 15-3-3021 | 17-6-2021 | 0 | 2059 (3%) |
| കരാറുകാരന്റെ അപേക്ഷ ഇല്ല. എ.ഇ. സമയം അനുവദിച്ചിട്ടില്ല. | | | | |
| 98/21, 143/22- ജീവൻ രക്ഷാലയം റോഡ് റീടാറിംഗ് അടങ്കൽ - 140000 (MG(R)) PAC- 122193.20 കരാറുകാരൻ - ശ്രീ.ജെനിൽ ജേക്കബ് എഗ്രിമെന്റ് നം.:15/14.9.2020 അളവു പുസ്തകം - 57/2019-20 ചെലവ് - ₹133646 (ബിൽ നം. -7/25.9.2021 പൂർത്തീകരണ കാലാവധി - 6 മാസം | 13-3-2021 | 22-6-2021 | 0 | 3666 (3%) |
| കരാറുകാരന്റെ അപേക്ഷ ഇല്ല. എ.ഇ. സമയം അനുവദിച്ചിട്ടില്ല. | | | | |
| 150/21, 153/22- AKG നഗർ കോളനി റോഡ് റീടാറിംഗ് അടങ്കൽ - 236000 (MG(R)) PAC- 208433.17 കരാറുകാരൻ - ശ്രീ.ജെനിൽ ജേക്കബ് എഗ്രിമെന്റ് നം.:22/14.9.2020 അളവു പുസ്തകം - 62/19-20 ചെലവ് - ₹224529 (ബിൽ നം. -8/25.9.2021 | 13-3-2021 | 11-6-2021 | 0 | 6253 (3%) |

| | | | | |
|---|---|---|---|---|
| പൂർത്തീകരണ കാലാവധി - 6 മാസം | | | | |
| കരാറുകാരന്റെ അപേക്ഷ ഇല്ല. എ.ഇ. സമയം അനുവദിച്ചിട്ടില്ല. | | | | |
| 85/21, 137/22- പീസ് വാലി റോഡ് ടാറിംഗ് & റീടാറിംഗ് അടങ്കൽ - 197000 (MG(R)) PAC- 173839.68 കരാറുകാരൻ - ശ്രീ.ജെനിൽ ജേക്കബ് എഗ്രിമെന്റ് നം.:11/14.9.2020 അളവു പുസ്തകം - 11/2019-20 ചെലവ് - ₹196700 (ബിൽ നം. -9/11.10.2021 പൂർത്തീകരണ കാലാവധി - 6 മാസം | 15-3-3021 | 11-6-2021 | 0 | 5215 (3%) |
| കരാറുകാരന്റെ അപേക്ഷ ഇല്ല. എ.ഇ. സമയം അനുവദിച്ചിട്ടില്ല. | | | | |
| 97/21, 142/22- കുര്യൻ റോഡ് റീടാറിംഗ് അടങ്കൽ - 160000 (MG(R)) PAC- 140409.48 കരാറുകാരൻ - ശ്രീ.എൽജോ. പി.ജോർജ് എഗ്രിമെന്റ് നം.:42/5.11.2020 അളവു പുസ്തകം - 5/2022 ചെലവ് - ₹159659 (ബിൽ നം. -37/30.3.2022 പൂർത്തീകരണ കാലാവധി - 6 മാസം | 4-5-2021 | 14-3-2022 | 1597 | 2615 (3%) |
| കരാറുകാരന്റെ അപേക്ഷ ഇല്ല. എ.ഇ. സമയം അനുവദിച്ചിട്ടില്ല. | | | | |
| 99/21, 144/22- ചേപ്പിലമുറി സ്ട്രീറ്റ് 1,2,3 മെറ്റലിംഗ് ടാറിംഗ് അടങ്കൽ - 189000 (തനതു ഫണ്ട്) PAC- 165928.46 കരാറുകാരൻ - ശ്രീ.ജെനിൽ ജേക്കബ് എഗ്രിമെന്റ് നം.:16/14.9.2020 അളവു പുസ്തകം - 9/2019-20 ചെലവ് - ₹187840 (ചെക്ക് നം. Xy-6774037/8.10.2021 പൂർത്തീകരണ കാലാവധി - 6 മാസം | 13-3-3021 | 21-6-2021 | 0 | 4978 (3%) |
| കരാറുകാരന്റെ അപേക്ഷ ഇല്ല. എ.ഇ. സമയം അനുവദിച്ചിട്ടില്ല. | | | | |
| 125/21, 146/22- രാജീവ് പിള്ള റോഡ് മുതൽ ഗോപാലകൃഷ്ണൻ റോഡ് വരെ മെറ്റലിംഗ് ടാറിംഗ് അടങ്കൽ - 270000 (തനതു ഫണ്ട്) PAC- 239297.10 കരാറുകാരൻ - | 13-3-3021 | 15-6-2021 | 0 | 7179 (3%) |

| | | | | |
|---|---|---|---|---|
| ശ്രീ.ജെനിൽ ജേക്കബ് എഗ്രിമെന്റ് നം.:18/14.9.2020 അളവു പുസ്തകം - 41/2019-20 ചെലവ് - ₹245520 (ചെക്ക് നം. -Xy -6774038/23.10.2021 പൂർത്തീകരണ കാലാവധി - 6 മാസം | | | | |
| കരാറുകാരന്റെ അപേക്ഷ ഇല്ല. എ.ഇ. സമയം അനുവദിച്ചിട്ടില്ല. | | | | |
| 94/21, 140/22- മൌണ്ട് വ്യൂ റോഡ് മെറ്റലിംഗ് ടാറിംഗ് അടങ്കൽ - 200000 (തനതു ഫണ്ട്) PAC- 172269.36 കരാറുകാരൻ - ശ്രീ.ജെനിൽ ജേക്കബ് എഗ്രിമെന്റ് നം.:14/14.9.2020 അളവു പുസ്തകം - 8/2019-20 ചെലവ് - ₹194942 (ചെക്ക് നം. -Xy -6774036/ 8.10.2021 പൂർത്തീകരണ കാലാവധി - 6 മാസം | 13-3-3021 | 19-6-2021 | 0 | 5168 (3%) |
| കരാറുകാരന്റെ അപേക്ഷ ഇല്ല. എ.ഇ. സമയം അനുവദിച്ചിട്ടില്ല. | | | | 66043 |

സ.ഉ(സാധാ)നം.1444/21/തസ്വഭവ തിയതി 31-7-21 പ്രകാരം പൂർത്തീകരണ കാലാവധി ഫൈൻ ഇല്ലാതെ ആറുമാസത്തേക്ക് കൂടി ദീർഘിപ്പിച്ചു നൽകിയിട്ടുണ്ട്. ഉത്തരവ് തിയതിക്കുമുമ്പ് പൂർത്തീകരി ക്കേണ്ടിയിരുന്ന പ്രവൃത്തി ദീർഘിപ്പിച്ചു നൽകിയപ്പോൾ പിഴ ഈടാക്കാതെ ദീർഘിപ്പിച്ചു നൽകിയത് അംഗീകരിക്കുന്നില്ല.

കുറവായി ഈടാക്കിയ പിഴ കരാറുകാരിൽ നിന്നും ₹66043/- (₹11827 +8044+6829+2210+ 2059+ 3666+ 6253+ 5215+ 2615+ 4978+ 7179+ 5168) ഈടാക്കേണ്ടതാണ്.

അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 7/14.3.2023ന് ഇഎംഎസ് നഗർ രണ്ടാം ലൈൻ റീ ടാറിംഗ് എന്ന പ്രവൃത്തി 14-9.2020ന് എഗ്രിമെന്റ് വെച്ചു എങ്കിലും സ്ഥലത്തിലെ ചില സാങ്കേതിക പ്രശ്നങ്ങളും കോവിഡ് കാലത്തെ മെറ്റീരിയൽ ക്ഷാമവും കാരണം പ്രവൃത്തി തുടങ്ങുവാൻ വൈകി. പിന്നീട് എസ്റ്റിമേറ്റ് റിവൈസ് ചെയ്യേണ്ടിവന്നു. എസ്റ്റിമേറ്റിന് സാങ്കേതിക അനുമതി ലഭിച്ചത് 30-9-2021ന് ആണ്. ബാക്കിയുള്ള പ്രവൃത്തികളിൽ കോവിഡ് കാലത്തെ മെറ്റീരിയൽ ക്ഷാമം കാരണം പ്രവൃത്തി പൂർത്തീകരിക്കാൻ വൈകി എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ പ്രവൃത്തി ദീർഘിപ്പിക്കാൻ കരാറുകാരൻ അപേക്ഷ സമർപ്പിക്കുകയോ എ.ഇ. സമയം അനുവദിക്കുകയോ ചെയ്തിട്ടില്ല. ഈ സമയത്ത് എഗ്രിമെന്റ് വെച്ച മറ്റു പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിച്ചിട്ടുണ്ട്. മറുപടിയിൽ പരാമർശിച്ച വിഷയങ്ങൾ സംബന്ധിച്ച് ഭരണ സമിതി തീരുമാനം ഇല്ല. അതിനാൽ പിഴ ഈടാക്കേണ്ടതാണ്.

**1-21 റോഡ് ടാറിംഗ് പ്രവൃത്തിയുടെ അവസാന ബില്ലിൽ നിന്നും ടാർ ബാരലുകളുടെ വില കുറവു ചെയ്തില്ല**

പ്രൈസ് സോഫ്റ്റ്വെയർ മുഖേന തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരമുള്ള നിരക്കുകൾ (With Packed Bitumin Rates) അനുസരിച്ചുള്ള ഫൈനൽ ബില്ലിൽ നിന്നും ബിറ്റുമിൻ ബാരൽ വില കുറവു ചെയ്തതിനു ശേഷമാണ് കരാറുകാരന് തുക നൽകേണ്ടത്. കാലി ബാരൽ ഒന്നിനു് 238 രൂപയും 18% GST ഉൾപ്പടെ ആകെ 281 രൂപ ഈടാക്കേണ്ടതായിരുന്നു. എന്നാൽ കോരത്തൊടി റോഡ് റീടാറിംഗ് എന്ന പ്രവൃത്തിയുടെ അവസാന ബില്ലിൽ നിന്നും

ബാരൽ വില ഈടാക്കിയിട്ടില്ല. ബാരലിന്റെ വിലയായ ₹952 ഉം GST ₹172 യും കൂടി ആകെ ₹ 1124/- കരാറുകാരനിൽ നിന്നോ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. വിശദ വിവരം ഭാഗം 3-1 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 റോഡ് ടാറിംഗ് പ്രവൃത്തിയുടെ അവസാന ബില്ലിൽ നിന്നും ടാർ ബാരലുകളുടെ വില കുറവു ചെയ്തില്ല

പ്രൈസ് സോഫ്റ്റ്‌വെയർ മുഖേന തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരമുള്ള നിരക്കുകൾ (With Packed Bitumin Rates) അനുസരിച്ചുള്ള ഫൈനൽ ബില്ലിൽ നിന്നും ബിറ്റുമിൻ ബാരൽ വില കുറവു ചെയ്തതിനു ശേഷമാണ് കരാറുകാരന് തുക നൽകേണ്ടത്. കാലി ബാരൽ ഒന്നിനു് 238 രൂപയും 18% GST ഉൾപ്പടെ ആകെ 281 രൂപ ഈടാക്കേണ്ടതായിരുന്നു. എന്നാൽ താഴെ പറയുന്ന പ്രവൃത്തിയുടെ അവസാന ബില്ലിൽ നിന്നും ബാരൽ വില ഈടാക്കിയിട്ടില്ല.

| ക്രമനം. | പ്രവൃത്തി, അളവു പുസ്തകം | ബിൽ നം., തിയതി തുക (രൂപ) | ടാറിന്റെ ഇനം, ഉപയോഗിച്ച അളവ് (Kg) | ബാരലിന്റെ എണ്ണം |
|---|---|---|---|---|
| 1 | 134/22- ക്രോരത്തൊടി റോഡ് റീടാറിംഗ്<br>അടങ്കൽ - 50000 Plan(Gen)<br>25000 – തനതു ഫണ്ട്<br>കരാറുകാരൻ - ശ്രീ. നിജോ.പി.സെബാസ്റ്റ്യൻ<br>എഗ്രിമെന്റ് നം.:1/29.5.2020<br>അളവു പുസ്തകം - 34/19-20 | ബിൽ നം. 1/8.7.2021<br>ചെലവ്: - ₹50000<br>ചെക്ക് നം. XY-5901272/ 6.2.2021 - ₹25000/- | RS1- 52.59<br>VG 30 – 512.33 | 0.29<br>3.28<br>4 Barrel |
| | ബാരലിന്റെ വില - 4x281 = ₹1124 (952 + 172 – GST) | | | |

പ്രവൃത്തിക്കായി ഉപയോഗിച്ച ബാരലുകളുടെ വില ₹ 1124/- (₹952-കാലി ബാരൽ വില + ₹172-ജി.എസ്.ടി) കരാറുകാരിൽ നിന്നും ഈടാക്കി ₹952/- അതത് ഫണ്ടിലേക്ക് അടവാക്കുകയും, ജി.എസ്.ടി ₹172/- ജി.എസ്.ടി ഹെഡിലേക്ക് അടവാക്കുകയും ചെയ്യേണ്ടതാണ്. അല്ലാത്തപക്ഷം നിർവഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും ഈടാക്കി ബന്ധപ്പെട്ട ശീർഷകങ്ങളിലേക്ക് അടവാക്കേണ്ടതാണ്. ആയതിന്റെ രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

ഓഡിറ്റ് അന്വേഷണം നം. 7/14.3.2022ന് ടാർ ബാരൽ വില ഈടാക്കാൻ വിട്ടു പോയതാണ്. കരാറുകാരനിൽ നിന്നും ഈടാക്കി രേഖാമൂലം അറിയിക്കുന്നതാണ് എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

തുടർനടപടികൾ സ്വീകരിച്ച് വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

## ഭാഗം -4
## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | ഓഡിറ്റ് സർട്ടിഫിക്കറ്റ് |
|---|---|---|
| 2021-22 | 6.3.2023 മുതൽ 15.3.2023വരെ | ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധം -1ആയി ചേർത്തിട്ടുണ്ട്. |

### 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ട്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| മലമ്പുഴ ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 59887 | പാലിയേറ്റീവ് കെയർ | 0 | 59887 |
| മലമ്പുഴ ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 40400 | ശാരീരിര മാനസിക വെല്ലുവിളി സ്കോളർഷിപ്പ് | 0 | 40400 |
| മലമ്പുഴബ്ലോക്ക് പഞ്ചായത്ത് | 2020-21 | 319969 | ലൈഫ് | 0 | 319969 |
| മലമ്പുഴ ബ്ലോക്ക് പഞ്ചായത്ത് | 2015-16 | 200000 | സംയുക്ത ഭവനം | 0 | 200000 |
| മലമ്പുഴ ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 175245 | 50/23-സമഗ്ര നെൽകൃഷി പരിപാലനം | 175245 | 0 |
| മലമ്പുഴ ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 1388466 | 51/23-ലൈഫ് (എസ്.സി.) | 1388466 | 0 |
| മലമ്പുഴ ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 200000 | 18/23-ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 200000 | 0 |
| മലമ്പുഴ ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 197800 | 22/23-വയോജനങ്ങൾക്ക് കട്ടിൽ വിതരണം | 197800 | 0 |
| മലമ്പുഴ ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 50000 | 74/23-പാൽ വില ഇൻസെന്റീവ് | 50000 | 0 |
| മലമ്പുഴ ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 817590 | 48/23-സമ്പൂർണ്ണ ലൈഫ് ഭവന പദ്ധതി | 817590 | 0 |
| പാലക്കാട് ജില്ലാ പഞ്ചായത്ത് | 2020-21 | 175180 | ലൈഫ് | 0 | 175180 |
| പാലക്കാട് ജില്ലാ പഞ്ചായത്ത് | 2021-22 | 387903 | 50/23-സമഗ്ര നെൽകൃഷി പരിപാലനം | 387903 | 0 |
| പാലക്കാട് ജില്ലാ പഞ്ചായത്ത് | | 217741 | 51/23-ലൈഫ് (എസ്.സി.) | 217741 | 0 |
| പാലക്കാട് ജില്ലാ പഞ്ചായത്ത് | 2021-22 | 50000 | 74/23-പാൽ വില ഇൻസെന്റീവ് | 50000 | 0 |

## 4-3 നിക്ഷേപ പ്രവൃത്തികൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെഎസ്ഇബി, മലമ്പുഴ | 165/22-വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | XVFC/2021-22/ P/10 Dt.26.3.2022 | 432081 | 432081 | 0 |
| | | XVFC/2021-22/ P/17 Dt.28.3.2022 | 250501 | 250501 | 0 |
| കെഎസ്ഇബി, ഒലവക്കോട് | | XVFC/2021-22/ P/9 Dt.26.3.2022 | 297124 | 297124 | 0 |
| കേരള വാട്ടർ അതോറിറ്റി | 168/22- കുടിവെള്ള പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | XVFC/2021-22/ P/6 Dt.14.3.2022 | 1585318 | --- | 1585318 |

കേരള വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്ത തുകയ്ക്കുള്ള വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി തുകയൊന്നും നൽകിയിട്ടില്ല.

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| 1).KURDFC ലോൺ (ലൈഫ് ) | - | | 19792761 | 2273333 | - | 17519428 |

വായ്പാ തിരിച്ചടവിന്റെ വിശദാംശങ്ങൾ

താഴെ പറയുന്ന ജി.ഒ പ്രൊജക്ടുകൾ മുഖേനയാണ് വായ്പാ തിരിച്ചടവ് നടത്തിയിട്ടുള്ളത്

| പ്രൊ നം | തുക | ഫണ്ട് |
|---|---|---|
| 222 | 29333 | SCP |
| 225 | 51333 | SCP |
| 250 | 62741 | SCP |
| 220 | 88000 | Plan General |
| 224 | 894667 | Plan General |
| 252 | 1147259 | Plan General |
| ആകെ | 2273333 | - |

## 4-6 സ്ഥിര നിക്ഷേപം

ഒന്നുമില്ല

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 36890/-രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2018-19 | 1-31(2) | 2000 | ഷിജു | 1210100713/25.6.2021 |
| 2017-18 | ഓഡിറ്റ് എൻകായറി | 4711 | സുധ | 1210100738/28.6.2021 |
| 2017-18 | ഓഡിറ്റ് എൻകായറി | 18163 | കെ.രമണൻ | 1210101040/22.7.2021 |
| 2019-20 | ഓഡിറ്റ് എൻകായറി | 2955 | രാജഗോപാൽ സ്വാമി | 1210101846/10.9.2021 |
| 2017-18 | ഓഡിറ്റ് എൻകായറി | 9061 | പ്രസാദ്, കരാറുകാരൻ | 1210102148/24.9.2021 |
| ആകെ | | 36890 | | |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പു പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2008-09 | 3-3 | 2011-12 | 2.5 | പദ്ധതിഫണ്ടിന്റെ സമയബന്ധിതവിനിയോഗം ഉറപ്പാക്കുകയോ, വിനിയോഗിക്കപ്പെടാത്ത തുക തിരിച്ചടക്കുകയോ ചെയ്യുന്നില്ല - KWA - 510000 | സിറ്റിംഗ് നടന്നിട്ടില്ല |
| | | 2012-13 | 3.3 | ആരോഗ്യ മേഖല | സിറ്റിംഗ് നടന്നിട്ടില്ല |
| 2014-15 | 2-2 | 2016-17 | അധ്യായം -1 | വസ്തു നികുതി | സിറ്റിംഗ് നടന്നിട്ടില്ല |
| 2014-15 | 2-1 | 2016-17 | അധ്യായം-2 | തൊഴിൽ നികുതി | സിറ്റിംഗ് നടന്നിട്ടില്ല |
| 2015-16 | 2-2 | 2016-17 | അധ്യായം-2 | തൊഴിൽ നികുതി | സിറ്റിംഗ് നടന്നിട്ടില്ല |

| | | | | | |
|---|---|---|---|---|---|
| 2019-20 | 1-36 | 2020-21 | അനുബന്ധം-2 | Medical Officer (Payment) PHC/CHC | സിറ്റിംഗ് നടന്നിട്ടില്ല |
| 2019-20 | 1-33 | 2020-21 | അനുബന്ധം-2 | Medical Officer (General) PHC/ CHC | സിറ്റിംഗ് നടന്നിട്ടില്ല |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഒന്നുമില്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

### (എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | ₹79890651/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | ₹70582280/- |
| വരവിനങ്ങളിലുള്ള നഷ്ടം | : | ----- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ₹952/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | ₹12275/- |

(ബി). **പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 952 | ശ്രീ.അജിത്കുമാർ, അസിസ്റ്റന്റ് എഞ്ചിനീയർ |
| | ആകെ | 952 | |

**പിഴയിനത്തിൽ തനത് ഫണ്ടിലേക്ക് അടവാക്കേണ്ട തുകയുടെ വിവരം (ഭാഗം 1 ലെ ഖണ്ഡികകൾ പ്രകാരം)**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-20 | 66043 | ശ്രീ.അജിത്കുമാർ, അസിസ്റ്റന്റ് എഞ്ചിനീയർ |
| ആകെ | 66043 | |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-17 | 12275 | വനജ.എസ്, ഐസിഡിഎസ് |

| | | |
|---|---|---|
| | | സൂപ്പർവൈസർ |
| ആകെ | 12275 | |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

3-1 -GST -₹172/-

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

-

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| വനജ.എസ്, ഐസിഡിഎസ് സൂപ്പർവൈസർ | ഐസിഡിഎസ് സൂപ്പർവൈസർ, കുഴൽമന്ദം ഗ്രാമപഞ്ചായത്ത് | കൃഷ്ണമന്ദം, കടുംന്തുരുത്തി, യാക്കര പി.ഒ., പാലക്കാട് |
| ശ്രീ.അജിത്കുമാർ, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, അകത്തേത്തറ ഗ്രാമപഞ്ചായത്ത് | മൈലാവിൽ ഹൌസ്, മങ്കര പി.ഒ., പാലക്കാട് |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്ന് പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന പരാമർശങ്ങൾ |
|---|---|---|
| 1996-97 | എൽ.എഫ്.പി6-251/98/ 25-9-98 | 12 |
| 1997-98 | നം. കെ.എസ്.എ. പി.കെ.ഡി14/301/19/ 23.01.2021 | 11 |
| 1998-99 | | 3 |
| 1999-00 | എൽ.എഫ്.പി6-1144/01/ 15-1-02 | 7 |
| 2000-01 | നം. കെ.എസ്.എ. പി.കെ.ഡി14/301/19/ | 19 |
| 2001-02 | | 10 |

| | | |
|---|---|---|
| 2002-03 | 23.01.2021 | 7 |
| 2003-04 | | 6 |
| 2004-05 | | 1 |
| 2005-06 | | 4 |
| 2006-07 | | 9 |
| 2007-08 | എൽ.എഫ്.പി14-38/2011/24-1-11 | 7 |
| 2008-09 | കെ.എസ്.എ-പി.കെ.ഡി. 14-212/16/ 27-10-2016 | 2 |
| 2009-10 | എൽ.എഫ്.പി14-2088/2012/ 9.11.2012 | 3 |
| 2010-11 | കെ.എസ്.എ- പി.കെ.ഡി.14-215/15/14.10.16 | 6 |
| 2011-12 | എൽ.എഫ്.പി14-1787/2015/ 30-5-2016/22.8.16 | 16 |
| 2012-13 | നം.കെ.എസ്.എ-പി.കെ.ഡി 14/ 303/16/18.10.16 | 11 |
| 2013-14<br>2014-15 | നം.കെ.എസ്.എ-പി.കെ.ഡി 14/2264/16,29-03-2017 | 8 |
| 2015-16 | നം.കെ.എസ്.എ.പി.കെ.ഡി. 14/210/2017/8.01.2018 | 6 |
| 2016-17 | നംകെ.എസ്.എ.പി.കെ.ഡി. 847/2018/4.06.2018 | 11 |
| 2017-18 | നം. കെ.എസ്.എ. പി.കെ.ഡി14/85/19/15.10.2019 | 39 |
| 2018-19 | നം. കെ.എസ്.എ. പി.കെ.ഡി14/792/2020/25.06.2020 | 13 |
| 2019-20 | നം. കെ.എസ്.എ. പി.കെ.ഡി14/673/21 | 60 |
| 2020-21 | നം.കെ.എസ്.എ. പി.കെ.ഡി14/ 1441/22/14.7.2022 | 28 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

## <u>അനുബന്ധം-1</u>
## <u>ഓഡിറ്റ് സാക്ഷ്യപത്രം</u>

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ പാലക്കാട് ജില്ലയിലെ അകത്തേത്തറ ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പാലക്കാട് ജില്ലയിലെ അകത്തേത്തറ ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/ തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-3
## വാർഷിക ധനകാര്യ പത്രിക -സംക്ഷിപ്തം

| | | | |
|---|---|---|---|
| **Akathethara Grama Panchayat RECEIPT & PAYMENT STATEMENT** | | | |
| For the period from 01-April-2021 to 31-March-2022 | | | |
| Code.No | Description of Items | Schedule No | Amount |
| | **RECEIPTS** | | |
| | **Opening Balance** | | |
| Bank | Bank | RP-40(a) | 14636981.00 |
| Cash | Cash | RP-40(a) | 79048.00 |
| | **Operating** | | |
| 110000000 | Tax Revenue | RP-1 | 3893810.00 |
| 130000000 | Rental income from Panchayat Properties | RP-3 | 350056.00 |
| 140000000 | Fees & User Charges | RP-4 | 2620901.00 |
| 150000000 | Sale & Hire Charges | RP-5 | 612826.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 45851586.00 |
| 171000000 | Interest Earned | RP-9 | 409480.00 |
| 190000000 | Prior Period Income | RP-11 | 12645.00 |
| 254000000 | Expenditures of Transferred Institutions and State Sponsored Schemes (not included under Decentralised Plan Programme) | RP-19 | 0.0 |
| 290000000 | Transfer to Reserve Funds / Prior Period Item(ILGMS) | RP-25 | 0.0 |
| 312000000 | Reserves | RP-29 | 0.0 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 14847332.00 |
| 431000000 | Sundry Debtors (Receivables) | RP-45 | 8057226.00 |
| 460000000 | Loans, Advances and Deposits | RP-49 | 604690.00 |
| | **Non Operating** | | |
| 180000000 | Other Income | RP-10 | 277230.00 |
| 340000000 | Deposits Received | RP-33 | 322458.00 |
| 350000000 | Other Liabilities | RP-35 | 2026667.00 |
| | **Grand total** | | **94602936.00** |
| | **PAYMENTS** | | |
| | **Operating** | | |
| 250000000 | Decentralised Plan Programme-Productive Sector | RP-16 | 8975698.00 |
| 251000000 | Decentralised Plan Programme-Service Sector | RP-17 | 12772361.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | RP-18 | 8282059.00 |
| 412000000 | Capital Work In Progress | RP-39 | 272875.00 |
| 414000000 | Annual plan - Capital | RP-41 | 200880.00 |

| | | | |
|---|---|---|---|
| | Expences(Service Sector) | | |
| 431000000 | Sundry Debtors (Receivables) | RP-45 | 1986228.00 |
| 460000000 | Loans, Advances and Deposits | RP-49 | 1308718.00 |
| | **Non Operating** | | |
| 340000000 | Deposits Received | RP-33 | 244970.00 |
| 350000000 | Other Liabilities | RP-35 | 36538491.00 |
| | **Closing Balance** | | |
| Bank | Bank | RP-40(b) | 24001599.00 |
| Cash | Cash | RP-40(b) | 19057.00 |
| | **Grand Total** | | **94602936.00** |

**Akathethara Grama Panchayat INCOME & EXPENDITURE STATEMENT**

For the period from 01-April-2021 to 31-March-2022

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | **INCOME** | | |
| 110000000 | Tax Revenue | I-1 | 9262978.00 |
| 120000000 | Assigned Revenues, Shared Taxes and Compensations (BLOCKED) | I-2 | 0.0 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 434440.00 |
| 140000000 | Fee & User Charges | I-4 | 2814501.00 |
| 150000000 | Sale & Hire Charges | I-5 | 612826.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 132361656.00 |
| 170000000 | Income from Investments | I-7 | 0.0 |
| 171000000 | Interest Earned | I-8 | 409480.00 |
| 180000000 | Other Income | I-9 | 277230.00 |
| 190000000 | Prior Period Income | I-19 | 254957.00 |
| | **Total Income** | | **146173111.00** |
| | **EXPENDITURE** | | |
| 210000000 | Establishment Expenses | I-10 | 18513173.00 |
| 220000000 | Administrative Expenses | I-11 | 1078685.00 |
| 230000000 | Operations & Maintenance | I-12 | 3290259.00 |
| 240000000 | Interest & Finance Charges | I-13 | 7533.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 7178459.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(A) | 24477081.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(B) | 10277367.00 |

| | | | |
|---|---|---|---|
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(C) | 23672841.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(D) | 52183190.00 |
| 255000000 | Maintenance Projects | I-14(E) | 0.0 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-14(F) | 86202.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 0.0 |
| 270000000 | Provisions and Write off | I-16 | 0.0 |
| 271000000 | Miscellaneous Expenses on Disposal of Assets and Investments | I-17 | 0.0 |
| 272000000 | Depreciation | I-17(A) | 0.0 |
| | **Total Expenditure** | | **140764790.00** |
| | **Gross Surplus / Deficit of income over Expenditure** | | **-5408321.00** |
| | **Gross Surplus / Deficit of income over Expenditure** | | **-9233938.00** |
| 290000000 | Transfer to Reserve Funds/Prior Period Item(ILGMS) | I-18 | 4080574.00 |
| | **Net Balance being surplus/ deficit carried over to Balance Sheet (Panchayat Fund)** | | **-3825617.00** |

**Akathethara Grama Panchayat BALANCE SHEET**

As on 31-March-2022

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | **LIABILITIES** | | |
| | **Reserve & Surplus** | | |
| 310000000 | Panchayat / Municipal Fund | B-1 | 36986836.75 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 0.0 |
| 312000000 | Reserves | B-3 | 25919130.00 |
| | **Total Reserve & Surplus** | | **62905966.75** |
| | **Grants, Contributions for Specific Purposes** | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 14039771.00 |
| | **Total Grants, Contributions for Specific Purposes** | | **14039771.00** |
| | **Loans** | | |
| 330000000 | Secured Loans | B-5 | 17519428.00 |
| 331000000 | Unsecured Loans | B-6 | 0.0 |

| | | | |
|---|---|---|---|
| | **Total Loans** | | **17519428.00** |
| | **Current Liabilities & Provisions** | | |
| 340000000 | Deposits Received | B-7 | 1951565.00 |
| 341000000 | Deposits Works | B-8 | 0.0 |
| 350000000 | Other Liabilities | B-9 | 3293090.25 |
| 360000000 | Provisions | B-10 | 56206.00 |
| | **Total Current Liabilities and Provisions** | | **5300861.25** |
| | **TOTAL LIABILITIES** | | **99766027.00** |
| | **ASSETS** | | |
| | **Fixed Assets** | | |
| 410000000 | Fixed Assets | B-11 | 6675987.00 |
| 412000000 | Capital Work in Progress | B-11(b) | 1942847.00 |
| 413000000 | Annual Plan - Capital Expences (Productive Sector) | B11-(c) | 492047.00 |
| 414000000 | Annual Plan - Capital Expences (Service Sector) | B11-(d) | 23154852.00 |
| 415000000 | Annual Plan - Capital Expences (Infrastructure Sector) | B11-(e) | 30240067.00 |
| 416000000 | Accumulated Depreciation | B-11(a) | -8195755.00 |
| | **Total Fixed Assets** | | **54310045.00** |
| | **Investments** | | |
| 420000000 | Investments- General Fund | B-12 | 0.0 |
| 421000000 | Investments - Other Funds / Sundry Debtors | B-13 | 0.0 |
| | **Total Investments** | | **0.0** |
| | **Current Assets, Loans and Advances** | | |
| 430000000 | Stock-in-hand | B-14 | 110555.00 |
| 431000000 | Sundry Debtors (Receivables) | B-15 | 2301603.00 |
| 432000000 | Accumulated Provisions Against Debtors (Receivables) | B-15(a) | 0.0 |
| 440000000 | Pre-paid Expenses | B-16 | 17519428.00 |
| 450000000 | Cash and Bank Balance | B-17 | 24020656.00 |
| 460000000 | Loans, Advances and Deposits | B-18 | 1503740.00 |
| 461000000 | Accumulated Provisions against Loans,Advances and Deposits | B-18(a) | 0.0 |
| | **Total Current Assets, Loans and Advances** | | **45455982.00** |
| | **Other Assets** | | |
| 470000000 | Other Assets | B-19 | 0.0 |
| | **Total Other Assets** | | **0.0** |
| | **Miscellaneous Expenditure (To the Extent not written off)** | | |
| 480000000 | Miscellaneous Expenditure to be written off | B-20 | 0.0 |
| | **Total Miscellaneous Expenditure (To the Extent not written off)** | | **0.0** |
| | **TOTAL ASSETS** | | **99766027.00** |

**DEPUTY DIRECTOR**